മി. സ്പീക്കർ: ഓർഡർ...ഓർഡർ... സഭയിൽ എല്ലാ ദിവസവും ബഹുമാനപ്പെട്ട അംഗങ്ങൾ മാസ്ക് ധരിക്കണമെന്ന് ചെയറിൽ നിന്നും നിഷ്കർഷിക്കേണ്ട സ്ഥിതിയാണ് ഉണ്ടായിരിക്കൊണ്ടിരിക്കുന്നത്. പല ബഹുമാനപ്പെട്ട അംഗങ്ങളും അത് ലംഘിക്കുന്നതും പതിവായി മാറിയിരിക്കുന്നു. ഇത് ജനങ്ങളാകെ കാണുന്നുണ്ടെന്ന് മുൻപ് ഒരിക്കൽ പറഞ്ഞതാണ്. മാസ്ക് ധരിക്കുകയോ ധരിക്കാതിരിക്കുകയോ ചെയ്യുന്നത് വ്യക്തി സ്വാതന്ത്ര്യത്തിന്റെ പ്രശ്നമല്ല ജനങ്ങളുടെയാകെ ആരോഗ്യത്തിന്റെകൂടി പ്രശ്നമാണ്. ഇപ്പോൾ എല്ലാ ദിവസവും മാധ്യമങ്ങളിൽ ഇത് വിമർശനപരമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇത് ജനങ്ങളോടുള്ള നിരുത്തരവാദിത്തമായിട്ടായിരിക്കും കണക്കാക്കുകയെന്നത് എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ഓർമ്മിക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുകയാണ്.

ശ്രീമതി സി. കെ. ആശയുടെ നക്ഷത്രചിഹ്നമിട്ട 91-ാം നമ്പർ ചോദ്യം നക്ഷത്രചിഹ്നമിട്ട 108-ാം നമ്പർ ചോദ്യവുമായി ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. പി. ടി.തോമസ് നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

## പൊതു വിദ്യാലയങ്ങൾ തുറക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ

(*91) ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ . മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് കോവിഡ് മഹാമാരിയെത്തുടർന്ന് അടഞ്ഞുകിടക്കുന്ന പൊതു വിദ്യാലയങ്ങളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിന് മുന്നൊരുക്കങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ഉണ്ട്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ, പി.ടി.എ/എസ്.എം.സി, യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) പൊതു വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രി 18-08-2021-ന് നടത്തിയ വാർത്താ സമ്മേളനത്തിൽ നവംബർ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറക്കുന്നതാണെന്ന് അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിലെ ക്യൂ.ഐ.പി മോണിറ്ററിംഗ് കമ്മിറ്റി, അംഗീകൃത അദ്ധ്യാപക സംഘടനകൾ, യുവജന സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, തൊഴിലാളി സംഘടനകൾ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/മേയർമാർ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുടെ യോഗം മന്ത്രിതലത്തിൽ ചേരുകയും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുന്നതിന് തീരുമാനമെടുത്ത് ഘട്ടം ഘട്ടമായി അതിന്റെ പ്രവർത്തനം നടന്നുവരികയാണ്. ഈ യോഗങ്ങളിലെ അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ ബഹുമാനപ്പെട്ട മുഖ്യന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ മുഴുവൻ സ്കൂൾ ജീവനക്കാർക്കും വാക്സിനേഷൻ നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

09-09-2021 ലെ കണക്ക് പ്രകാരം 68.19% അദ്ധ്യാപകർ 2 ഡോസും 23.86% അദ്ധ്യാപകർ 1 ഡോസ് വാക്സിനും 65.52% അനദ്ധ്യാപകർ 2 ഡോസും 24.42% അനദ്ധ്യാപകർ 1 ഡോസ് വാക്സിനും പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരിൽ ഒരു ഡോസ്/ 2 ഡോസ് വാക്സിനെങ്കിലും എടുത്തവർ 93.39%ആണ്. ജീവനക്കാരിലെ വാക്സിനേഷൻ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) സ്കൂൾ ബസ്സുകളുടെ അറ്റകുറ്റപണി നടത്തി സഞ്ചാര യോഗ്യമാക്കുന്നതിനും അവയുടെ ഫിറ്റ്നസ് പരിശോധന നടത്തുന്നതിനും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പ് വിശദമായ മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഒക്ടോബർ 20-നകം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ നേരിട്ട് സ്കൂളിലെത്തി വാഹനങ്ങൾ പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വിവിധ വകുപ്പുകളുമായി (ആരോഗ്യം, ഗതാഗതം, തദ്ദേശ സ്വയംഭരണം) മന്ത്രിതല ചർച്ചകൾ പൂർത്തിയാക്കി സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് മാർഗ്ഗരേഖയും പുറത്തിറക്കിയിട്ടുണ്ട്.

<u>ശ്രീമതി സി. കെ. ആശ:</u> സർ, നീണ്ട ഇടവേളയ്ക്കുശേഷം കുട്ടികൾ സ്കൂളിലേക്ക് എത്തുകയാണ്. രക്ഷിതാക്കൾക്കും പൊതുസമൂഹത്തിനും കുട്ടികൾക്കും ഒട്ടേറെ ആശങ്കകളുണ്ട്. അത് ദൂരീകരിക്കുന്നതിന് ഈ ചോദ്യോത്തരവേള സഹായകരമാകുമെന്ന് പ്രതീക്ഷിക്കുകയാണ്. സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സംബന്ധമായ പരിശോധനകൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകാൻ പദ്ധതിയുണ്ടോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട അംഗം സി. കെ. ആശ വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണ് ഉന്നയിച്ചിരിക്കുന്നത്. കോവിഡ്മൂലം സ്കൂളുകൾ അടഞ്ഞുകിടക്കുകയായിരുന്നു. അതുകൊണ്ട് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. സ്കൂൾ തുറക്കുന്നതിനോടനുബന്ധിച്ച് ഫിറ്റനസ് സർട്ടിഫക്കറ്റ് വാങ്ങുന്നതിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ചു വരികയാണ്. ഇതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും യോഗം ചേർന്നു. അതിനുശേഷം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്കൂൾ അധികാരികളുടെയും യോഗം ചേർന്ന് ഫിറ്റ്നസ് സർട്ടിഫക്കറ്റ് വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയാണ്. ഏതെങ്കിലും സ്കൂളിൽ ഫിറ്റനസ് സർട്ടിഫിക്കറ്റ് നിയമാനുസരണം നൽകിയില്ലെങ്കിൽ തൊട്ടടുത്ത സ്കൂൾ ഉണ്ടെങ്കിൽ ആ സ്കൂളിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ള മാർഗ്ഗരേഖയിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെ കുട്ടികൾക്ക് ഉച്ചഭക്ഷണം തയ്യാറാക്കി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ വിഷയങ്ങൾ നന്നായി

നടത്തിക്കൊണ്ടുപോകുന്നതിന് സ്കൂൾ അടിസ്ഥാനത്തിൽ ബഹുജന സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും തൊഴിലാളി സംഘടനകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയുമൊക്കെ ഒരു യോഗം 'സ്കൂൾ സപ്പോർട്ടിംഗ് കമ്മിറ്റി' എന്ന നിലയിൽ രൂപീകരിക്കുന്നുണ്ട്. അവരുടെയൊക്കെ സഹായത്തോടുകൂടി ഓരോ സ്കൂളിന്റെയും സാഹചര്യമനുസരിച്ച് ഉച്ചഭക്ഷണം തയ്യാറാക്കി കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനുള്ള തയ്യാറെടുപ്പിലാണ് പൊതുവിദ്യാഭ്യാസ വകുപ്പ്.

<u>ശ്രീമതി സി. കെ. ആശ</u>: സർ, സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി പൊതുസമൂഹത്തിനെയും വിവിധ ഡിപ്പാർട്ടുമെന്റുകളെയും ബന്ധിപ്പിച്ചുകൊണ്ട് നടപടികൾ സ്വീകരിച്ചുവെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചു. ഇതുസംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്കൂൾ തുറക്കുന്നതിനുള്ള തീയതി പ്രഖ്യാപിച്ചപ്പോൾ തന്നെ ആരോഗ്യ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിമാരും ഗതാഗത വകുപ്പുമന്ത്രിയും ബന്ധപ്പെട്ട വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരും

സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ ചർച്ച നടത്തി ഒരു മാർഗ്ഗ രേഖ തയ്യാറാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ആയത് തയ്യാറാക്കി മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മാർഗ്ഗരേഖയെ സംബന്ധിച്ച ഉത്തരവ് വന്നുകഴിഞ്ഞാൽ എല്ലാ ബഹുമാനപ്പെട്ട എം.എൽ.എ. മാർക്കും ടി ഉത്തരവിന്റെ കോപ്പി വിതരണം ചെയ്യുന്നതാണ്. ഇക്കാര്യത്തിൽ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളുടെയും സഹായം ആവശ്യമാണ്. അവരുടെ സഹായമില്ലാതെ ഒരു കാര്യവും നടക്കില്ല. മാർഗ്ഗരേഖയിൽ എല്ലാ കാര്യങ്ങളും വിശദീകരിച്ചിട്ടുണ്ട്. രക്ഷിതാക്കളുടെ സമ്മതത്തോടെ മാത്രമേ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളെ സ്കൂളിൽ അയയ്ക്കാൻ പാടുള്ളൂ. എൽ.പി. വിഭാഗം മുതലുള്ള ക്ലാസ്സുകളാണ് തുറക്കുന്നത്. ഒരു ബഞ്ചിൽ രണ്ട് കുട്ടികൾ എന്ന നിലയിൽ ക്രമീകരിക്കാനാണ് ഇപ്പോൾ ആലോചിച്ചിരിക്കുന്നത്. ആദ്യ രണ്ടാഴ്ച ശനിയാഴ്ച അടക്കം പ്രവർത്തി ദിവസമാണ്. ഉച്ച വരെയാണ് ക്ലാസ് തീരുമാനിച്ചിട്ടുള്ളത്. 1000 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ ആകെ കുട്ടികളുടെ 25 ശതമാനം വന്നാൽ മതിയാകും. ഓരോ ബാച്ചും തുടർച്ചയായ 3 ദിവസം എന്ന നിലയിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഒരു ബാച്ചിൽപ്പെട്ട

വിദ്യാർത്ഥികൾ സ്ഥിരമായി അതേ ബാച്ചിൽതന്നെ തുടരണം. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ ആദ്യത്തെ രണ്ടാഴ്ച സ്കൂളിൽ വരണമെന്നില്ല. പരമാവധി ക്ലാസ്സുകൾ തുറന്ന സ്ഥലങ്ങളിൽ, ക്ലാസ്സ് റൂം ആണെങ്കിൽ ജനാലയും വാതിലും തുറന്നിട്ട് വായു സഞ്ചാരം ഉണ്ടാകുന്ന രൂപത്തിൽ ക്ലാസ് നടത്തണം. ഗാന്ധിജയന്തി ദിനവുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്തെ യുവാക്കൾ, രാഷ്ട്രീയ പാർട്ടികൾ, വിദ്യാർത്ഥികൾ, എം.എൽ.എ. മാരുടെ നേതൃത്വത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതാക്കളുടെ നേതൃത്വത്തിലും സ്കൂൾ പരിസരം വൃത്തിയാക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. ഇത്രയും ദിവസം സ്കൂൾ അടഞ്ഞുകിടക്കുകയായിരുന്നല്ലോ; ഇഴജന്തുക്കളുടെ ശല്യം ഇല്ലാതിരിക്കുന്നതിനും ശ്രദ്ധിച്ചിട്ടുണ്ട്. ശുചിമുറികൾ പ്രത്യേകം ശ്രദ്ധിക്കേണ്ട സ്ഥലമാണ്. അവ ഓരോ മണിക്കൂറും ഇടവിട്ട് വൃത്തിയാക്കേണ്ടതുണ്ട്. ഒരു ഹെൽപ്പ് ഡസ്ക് എല്ലാ സ്കൂളുകളിലും ഉണ്ടാകേണ്ടതായിട്ടുണ്ട്. വാഹനങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണം എന്നതുസംബന്ധിച്ച മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്ത്യയിൽ നിരവധി സംസ്ഥാനങ്ങളിൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലാണ് ഏറ്റവും ഒടുവിൽ സ്കൂളുകൾ തുറക്കാൻ പോകുന്നത്. അതിനുള്ള ക്രമീകരണങ്ങൾ നല്ല നിലയിൽ

സജ്ജമാണ്, എല്ലാ തയ്യാറെടുപ്പുകളും നടത്തിക്കഴിഞ്ഞു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, 2021 നവംബർ 1-ാം തീയതി കേരള പിറവിദിനം ഇപ്രാവശ്യം വിദ്യാഭ്യാസ ചരിത്രത്തിലെ സവിശേഷമായ ദിനംകൂടിയാവുകയാണ്. പതിനെട്ട് മാസത്തോളം അടച്ചുപൂട്ടിയിരുന്ന വിദ്യാലയങ്ങൾ തുറക്കുമ്പോൾ നിരവധി വിഷയങ്ങളുണ്ട്. എനിക്ക് അറിയേണ്ട രണ്ടുകാര്യങ്ങൾ, ഒന്ന് കുട്ടികളുടെ യാത്രാക്ലേശവുമായി ബന്ധപ്പെട്ടതാണ്, നേരത്തെ ഗവൺമെന്റ് വ്യക്തമാക്കിയതുപോലെ, പഞ്ചായത്തിൽ ഒരു ഗ്രാമവണ്ടി എന്ന ആശയം ഇപ്പോൾ പ്രാവർത്തികമാക്കാൻ കഴിയുമോ; അതോടൊപ്പം സ്കൂൾ പാഠ്യപദ്ധതിയിൽ ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങളുണ്ടാക്കാൻ കഴിയും?

ശ്രീ. വി. ശിവൻകുട്ടി: സർ, കേരള മോട്ടോർ വാഹന വകുപ്പ് കോവിഡ്-19 സ്റ്റുഡൻസ് ട്രാൻസ്പോർട്ടേഷൻ പ്രോട്ടോക്കോൾ എന്ന ഒരു പുസ്തകം എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ. ഭാരവാഹികൾക്കും വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ കെ.എസ്.ആർ.ടി.സി.-യുടെ സേവനം എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കും; സ്കൂൾ മാനേജ്മെന്റ് ആവശ്യപ്പെട്ടാൽ ബോണ്ട്

അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യുടെ സേവനം ലഭ്യമാക്കുന്നത് സംബന്ധിച്ചും ധാരാളം കുട്ടികളുള്ള സ്കൂളുകൾ വഴി സ്റ്റുഡൻസ് ഒൺലി ബസ് അനുവദിക്കുന്നതുസംബന്ധിച്ചും പരിഗണിക്കാം. സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് നിലവിലുള്ള കൺസഷൻ റേറ്റ് തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 110 രൂപയാണ് കൺസഷൻ റേറ്റായി ഈടാക്കുന്നത്. കൂടാതെ സ്കൂൾബസ്സുകളിൽ പലതും തകരാറായി കിടക്കുകയാണ്. അതിൽ ബാറ്ററി വീക്കായതും ടയർ പഞ്ചറായതുമൊക്കെയുണ്ട്. ഈ ബസ്സുകൾക്ക് മോട്ടോർ വാഹന വകുപ്പിൽനിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങണം. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് ഇപ്പോഴൊരു ഉത്തരവിറക്കിയിട്ടുണ്ട്. ആ ഉത്തരവാണ് എന്റെ കയ്യിലിരിക്കുന്നത്. (ഒരു പേപ്പർ ഉയർത്തിക്കാട്ടി) സാധാരണഗതിയിൽ വാഹനങ്ങൾ മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥരുടെ ഓഫീസിനുമുന്നിൽ ക്യൂവായി ഇട്ടിരിക്കും ഒന്നുരണ്ട് ദിവസം കഴിഞ്ഞാൽ മാത്രമേ അവയ്ക്ക് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. പ്രസ്തുത ഉത്തരവനുസരിച്ച് സ്കൂൾ അധികാരികൾ ആവശ്യപ്പെടുന്നതനുസരിച്ച് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ സ്കൂളിൽചെന്ന് വാഹനങ്ങൾ പരിശോധന നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

ബാറ്ററിയുടെയും ടയറിന്റെയും പ്രശ്നം ഞാൻ പറഞ്ഞു. അത്തരം പ്രശ്നങ്ങൾ അവിടത്തെ പി.ടി.എ.യും നാട്ടുകാരും ഇടപെട്ട് ചെറിയ സഹായം ചെയ്ത് സ്കൂൾബസ് സഞ്ചാരയോഗ്യമാക്കേണ്ടതുണ്ട്. എന്നുമാത്രമല്ല, ആട്ടോറിക്ഷയിലും കുട്ടികൾ സ്കൂളിലെത്താറുണ്ട്. ഒരു ആട്ടോയിൽ അഞ്ചുമുതൽ പത്തുവരെ കുട്ടികളെ കയറ്റുന്ന സംഭവങ്ങൾ സംസ്ഥാനത്താകെയുണ്ട്. അതൊഴിവാക്കണം. പരമാവധി മൂന്ന് കുട്ടികളെ കയറ്റിയാൽ മതി. അതിൽക്കൂടുതൽ കുട്ടികളെ ഒരു ആട്ടോയിൽ കയറ്റാൻ പാടില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ സ്വകാര്യമേഖലയിലെ ബസ്സുടമകൾ എന്നെ സമീപിച്ചിരുന്നു. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുമായി ആലോചിച്ച് വിദ്യാർത്ഥികളെ സഹായിക്കാൻ സ്വകാര്യമേഖലയുടെ സേവനം എങ്ങനെ ഉപയോഗിക്കാമെന്നത് സംബന്ധിച്ച യോഗം അടുത്ത രണ്ടുദിവസത്തിനുള്ളിൽ ചേരാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, സ്കൂൾ തുറക്കുന്നതിന് വളരെമുമ്പുതന്നെ വിപുലമായ തയ്യാറെടുപ്പുകൾ നടത്തിയ ബഹുമാനപ്പെട്ട മന്ത്രിയെയും വകുപ്പിനെയും സർക്കാരിനെയും ഞാൻ അഭിനന്ദിക്കുകയാണ്. വാക്സിൻ

വിതരണത്തിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കുമാത്രമല്ല, ലോകത്തിനുതന്നെ മാതൃകയാകുന്ന രീതിയിലാണ് സീറോ വേസ്റ്റേജ് രീതിയിൽ നമ്മുടെ ഗവൺമെന്റ് പ്രവർത്തനം നടത്തിയിട്ടുണ്ട്. ഈ ഘട്ടത്തിൽ മിക്ക രക്ഷിതാക്കൾക്കും ചില ആശങ്കകളുണ്ട്. കോവിഡ് വാക്സിൻ നൽകാതെ കുട്ടികളെ സ്കൂളിലെത്തിക്കുന്നതെങ്ങനെ; അതുണ്ടാക്കുന്ന പ്രശ്നങ്ങളെന്താണ്; അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, സ്കൂൾ കുട്ടികൾക്ക് വാക്സിൻ കൊടുക്കുന്നതുസംബന്ധിച്ച പ്രോട്ടോക്കോൾ ദേശീയാടിസ്ഥാനത്തിൽ വന്നിട്ടില്ല. കുട്ടികൾക്കാണ് ഏറ്റവും കൂടുതൽ പ്രതിരോധശേഷിയുള്ളതെന്ന രീതിയിൽ ആൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോക്ടർമാർ ചില നയങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ചില മരുന്നുകളും വാക്സിനുകളും അവർ കണ്ടുപിടിച്ചിട്ടുമുണ്ട്. പക്ഷേ അത് ഇതുവരെയും ഇന്ത്യയിൽ പരീക്ഷിച്ചിട്ടില്ല. ഒരു കാരണവശാലും സ്കൂൾ കുട്ടികൾക്ക് ഈ അസുഖം വരാതിരിക്കുന്നതിനുള്ള പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തയ്യാറെടുപ്പുമായാണ് മുന്നോട്ട് നീങ്ങുന്നത്. വാക്സിൻ നൽകുന്നതിന് കേന്ദ്ര

ഗവൺമെന്റിന്റെ അനുമതി ലഭിച്ചാൽ ആദ്യം സ്കൂൾകുട്ടികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന കാര്യംകൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. വാഴൂർ സോമൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. എസ്. സുപാൽ: സർ, ഒരു ഇടവേളയ്ക്കുശേഷം സ്കൂളുകൾ തുറക്കുമ്പോൾ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് എല്ലാവരെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ഏറ്റവും മികച്ച ഒരു അധ്യയന അന്തരീക്ഷം ഒരുക്കാൻ ബഹുമാനപ്പെട്ട മന്ത്രിയും സംസ്ഥാന ഗവൺമെന്റും മുൻകയ്യെടുക്കുന്നത് വളരെ അഭിനന്ദനാർഹമാണ്. പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് രണ്ടാം ഘട്ട അലോട്ടുമെന്റ് കഴിഞ്ഞിരിക്കുകയാണ്. എ പ്ലസ് അടക്കം കിട്ടിയ നിരവധി കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കാത്ത സാഹചര്യമുണ്ട്. അഡ്മിഷൻ കിട്ടിയ കുട്ടികൾക്കുതന്നെ ഇഷ്ടവിഷയങ്ങളും ഇഷ്ടസ്കൂളുകളും ലഭിക്കാത്ത സ്ഥിതിയുമുണ്ട്. 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ചുകൊണ്ട് എല്ലാ കുട്ടികൾക്കും അഡ്മിഷൻ ഉറപ്പാക്കുമെന്ന് അങ്ങ് ഈ നിയമസഭയിൽ ഉറപ്പുനൽകിയിട്ടുണ്ട്. അത് സന്തോഷകരമായ കാര്യമാണ്. എല്ലാ ജില്ലകളിലും ആവശ്യമായ സീറ്റ് ഈ ഘട്ടത്തിൽതന്നെ വർദ്ധിപ്പിച്ച് കുട്ടികളുടെയും

രക്ഷകർത്താക്കളുടെയും ആശങ്ക ദൂരീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയിട്ടുള്ള നിർദ്ദേശ പ്രകാരം എല്ലാ വകുപ്പുകളുമായി ചർച്ച നടത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിനും ആരോഗ്യ വകുപ്പിനും ട്രാൻസ്പോർട്ട് വകുപ്പിനും പി.ഡബ്ല്യൂ.ഡി.ക്കുമെല്ലാം ആദ്യം തയ്യാറാക്കിയ കരട് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനടിസ്ഥാനത്തിൽ അദ്ധ്യാപക സംഘടനകളുടെ യോഗം ചേർന്ന് വളരെ വിശദമായി കാര്യങ്ങൾ ചർച്ച ചെയ്തു, പരിപൂർണ്ണ പിന്തുണയാണ് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് അവർ നൽകിയിട്ടുള്ളത്. തൊഴിലാളി സംഘടനകളുടെയും യുവജനസംഘടനകളുടെയും വിദ്യാർത്ഥി സംഘടനകളുടെയും പഞ്ചായത്ത് പ്രസിഡന്റുമാരുടെയും മേയർമാരുടെയും ഉൾപ്പെടെ നമ്മുടെ സമൂഹത്തിലെ നാനാതുറകളിൽ പ്രവർത്തിക്കുന്നവരുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ചാണ് ഇതിനുവേണ്ട തയ്യാറെടുപ്പുകൾ നടത്തിയിട്ടുള്ളത്. ഇവിടത്തെ ചോദ്യം, രണ്ടാം ഘട്ട അലോട്ടുമെന്റിനെ സംബന്ധിച്ചാണ്. ആകെ അപേക്ഷകൾ 429230, ആദ്യ അലോട്ടുമെന്റിൽ

പ്രവേശനം ലഭിച്ചവർ -201489 ഒക്ടോബർ മാസം 7-ന്റെ രണ്ടാം ഘട്ട അലോട്ടുമെന്റിൽ പ്രവേശനം ലഭിച്ചവർ - 68048, മിച്ചമുള്ള അപേക്ഷകർ - 91796. മുഖ്യഘട്ട അലോട്ടുമെന്റ് ഒക്ടോബർ മാസം 23-ന് പൂർത്തീകരിക്കുമ്പോൾ മാത്രമേ കൃത്യമായ വിവരങ്ങൾ ലഭ്യമാവുകയുള്ളൂ. സപ്ലിമെന്ററി അലോട്ടുമെന്റിന് മുമ്പായി ജില്ലാടിസ്ഥാനത്തിലുള്ള ആവശ്യകത പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഒരു കാര്യം ശരിയാണ്. വിജയിച്ച കുട്ടികൾക്കെല്ലാം വീടിനടുത്തുള്ള സ്കൂളുകളിൽ അഡ്മിഷൻ കിട്ടുന്നതിൽ ചില കുറവുകൾ സംഭവിച്ചിട്ടുണ്ട്. 23-ാം തീയതി കഴിഞ്ഞശേഷം എന്താണ് കുറവെന്നത് പരിശോധിച്ച് എല്ലാവരുമായി ആലോചിച്ച് അതിനുള്ള പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കാം.

<u>മി. സ്പീക്കർ</u>: നിരവധി അംഗങ്ങൾ ഉപചോദ്യത്തിന് അവസരം തേടിയിട്ടുണ്ട്. എല്ലാവർക്കും അവസരം നൽകുക ബുദ്ധിമുട്ടായിരിക്കും.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, 2018-19 ബഡ്ജറ്റിലെ കിഫ്ബി പദ്ധതിയിലൂടെ ആയിരത്തിൽപരം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്ക് മൂന്ന് കോടി രൂപയുടെ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള

തീരുമാനമെടുക്കുകയും ഭരണാനുമതി നൽകുകയും ചെയ്തു. എന്നാൽ അതിന്റെ നടപടികൾ തുടർന്ന് ആരംഭിച്ചിട്ടില്ല. സംസ്ഥാനത്തെ 166 സ്കൂളുകൾക്കാണ് ഇത് അനുവദിച്ചിരിക്കുന്നത്. കാസർഗോഡ് ജില്ലയിൽ 14 സ്കൂളുകളുണ്ട്. എന്റെ മണ്ഡലത്തിൽ രണ്ട് സ്കൂളുകളുമുണ്ട്. ഈ പദ്ധതി ഇപ്പോൾ ഏത് അവസ്ഥയിലാണ്; എ.എസ്. ലഭിച്ച ഈ പദ്ധതി നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, പൊതുവിദ്യാഭ്യാസ യജ്ഞം കഴിഞ്ഞ അഞ്ചുവർഷക്കാലം സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇന്ത്യയ്ക്കുതന്നെ മാതൃകയായി നടത്തിയെന്ന വസ്തുത നമുക്കെല്ലാമറിയാം. കേരളത്തിന്റെ ചരിത്രത്തിൽ നമ്മുടെ വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച കാലഘട്ടം ഉണ്ടായിട്ടില്ല. രണ്ടാം പിണറായി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നൂറ് ദിവസം കഴിയുംമുമ്പുതന്നെ 92 സ്കൂൾകെട്ടിടങ്ങളുടെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. അത് കിഫ്ബിയിൽനിന്നും അനുവദിച്ച അഞ്ചു കോടി രൂപയുടേയും മൂന്ന് കോടി രൂപയുടെയും ധനസഹായത്തോടെയുള്ള കെട്ടിടങ്ങളായിരുന്നു. കൂടാതെതന്നെ മൂന്ന് കോടി രൂപ ചെലവഴിച്ചുകൊണ്ടുള്ള 104 കെട്ടിടങ്ങളുടെ

തറക്കല്ലിടൽ കർമ്മവും നിർവ്വഹിച്ചുകഴിഞ്ഞു. ഈ കെട്ടിടങ്ങൾ നിർമ്മിക്കുമെന്ന് പറയുമ്പോൾതന്നെ ഈ സ്ഥാപനങ്ങളിൽ ഫർണിച്ചറിന്റെ പ്രശ്നങ്ങളും നിലനിൽക്കുകയാണ്. അങ്ങ് സൂചിപ്പിച്ച വിഷയം, കഴിഞ്ഞ പ്രാവശ്യം പല സ്ഥലങ്ങളിലുമായി തുടക്കം കുറിച്ച പ്രവൃത്തികൾ, വിവിധ ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ട്, അവരുടെ പേരുകളൊന്നും എടുത്തുപറയാൻ ആഗ്രഹിക്കുന്നില്ല. ആ കെട്ടിടങ്ങളുടെ നിർമ്മാണം നടത്തുന്നതിനുള്ള കരാർ വിവിധ ഏജൻസികളെ ഏൽപ്പിച്ചിട്ടുണ്ട്. പല ഏജൻസികളും അതിന്റെ ഗൗരവം കണക്കിലെടുത്ത് നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്നില്ലെന്ന കാര്യം സത്യമാണ്. പല എം.എൽ.എ.മാരും അതുസംബന്ധിച്ച് കത്തുകൾ തന്നിട്ടുണ്ട്. ആ കത്തുകളുടെ അടിസ്ഥാനത്തിൽ നിയമസഭ നടക്കുമ്പോഴും അല്ലാതെയും ബന്ധപ്പെട്ട ഏജൻസികളെയും എം.എൽ.എ.മാരെയും പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേരുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജോലികൾ പുരോഗമിക്കുന്നുണ്ട്. വേഗത്തിൽ വർക്ക് തീർക്കാൻ താൽപര്യംകാണിക്കാത്ത ഏജൻസികളെ വിളിച്ചുചേർത്ത് എം.എൽ.എ-മാരുമായി ഒരുമിച്ചിരുന്ന് സംസാരിച്ച് അതിന് പരിഹാരം കാണാം. അതിന് കഴിയാത്ത ഏജൻസികളെ കരാറിൽനിന്നും ഒഴിവാക്കാനുള്ള നടപടികളും

സ്വീകരിക്കുന്നതാണെന്ന് സൂചിപ്പിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇന്നലെ പ്രൈവറ്റ് സ്കൂൾ എയ്ഡഡ് മാനേജ്മെന്റ് അസോസ്സിയേഷൻ നൽകിയ നിവേദനമാണ്. അവർ പറയുന്നത് രണ്ടുമൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളാണ്. ശ്രീ. കുട്ടി അഹമ്മദ് കുട്ടി ചെയർമാനും കൊല്ലം മണി ജനറൽ സെക്രട്ടറിയുമായ ഒരു സമിതിയാണിത്. അവർ അങ്ങയേയും വന്ന് കണ്ടിരുന്നുവെന്ന് പറഞ്ഞു. 2020-2021-ൽ എയ്ഡഡ് സ്കൂളുകൾക്ക് കിട്ടാനുള്ള മെയിന്റനൻസ് ഗ്രാന്റ് ഇതുവരെയും കിട്ടിയിട്ടില്ലെന്ന് പറഞ്ഞു. 28-03-2021-ൽ ഗ്രാന്റ് വിതരണം സംബന്ധിച്ച് ധനകാര്യ വകുപ്പ് അലോട്ട്മെന്റ് ഉത്തരവിറക്കിയെങ്കിലും സാങ്കേതിക തടസ്സം കാരണം ഇതുവരേയും മെയിന്റനൻസ് ഗ്രാന്റ് കിട്ടിയിട്ടില്ല. ഈ ഗ്രാന്റ് കിട്ടാത്തതിനാൽ അവർ വലിയ പ്രതിസന്ധി നേരിടുകയാണ്. അതുപോലെ നിരവധി കാര്യങ്ങളുണ്ട്, എല്ലാം ഞാൻ പറയുന്നില്ല. അതുപോലെതന്നെ സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതിയിൽപ്പെട്ട Kitchen-Cum-Store പദ്ധതിക്കനുവദിച്ച തുക സ്കൂളുകൾക്ക് കൈമാറിയിട്ടില്ലെന്ന് പറയുന്നുണ്ട്, ആ തുക ഉടൻ കൈമാറണം. 187 കോടി രൂപയാണ് ഹെഡ്മാസ്റ്റർ, പി.ടി.എ. എന്നിവരുടെ സംയുക്ത അക്കൗണ്ടിലേയ്ക്കാണ് ആ തുക എത്തിച്ചേരുന്നത്.

ഈ തുക അനുവദിച്ചില്ലെങ്കിൽ കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടാകും. അതുപോലെതന്നെ ആസ്ബെറ്റോസ് ഷീറ്റും ടിൻ ഷീറ്റും മാറ്റണമെന്ന് പറഞ്ഞ് വിദ്യാഭ്യാസ വകുപ്പ് ഒരു ഉത്തരവിറക്കിയിട്ടുണ്ട്. പിന്നെ എങ്ങനെയാണ് ഈ അടിയന്തര ഘട്ടത്തിൽ സ്കൂളുകളിൽ പഠന സൗകര്യമൊരുക്കാൻ കഴിയുമെന്ന കാര്യംകൂടി ഗവൺമെന്റ് പരിശോധിക്കണമെന്ന് അങ്ങയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ചുരുക്കി മറുപടി പറയേണ്ടതാണ്. ഇനിയും ഒരുപാട് അംഗങ്ങൾ ചോദ്യങ്ങൾ ചോദിക്കാനുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: സർ, ചുരുക്കി മറുപടി പറയുന്നതാണ്. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല ചോദിച്ച ചോദ്യത്തിന് കുറച്ച് വിശദമായി മറുപടി പറയാൻ അനുവദിക്കണം. അങ്ങ് സൂചിപ്പിച്ച കാര്യം ശരിയാണ്. എയ്ഡഡ് മാനേജ്മെന്റിനെല്ലാംകൂടി 52 കോടി രൂപ കൊടുക്കാനുണ്ട്. അത് എത്രയും പെട്ടെന്ന് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. രണ്ട്, ഉച്ചഭക്ഷണവിതരണവുമായി ബന്ധപ്പെട്ട് എയ്ഡഡ് സ്കൂളുകൾക്കും ഗവൺമെന്റ് സ്കൂളുകൾക്കും കൊടുക്കേണ്ട ഫണ്ടും

എത്രയും പെട്ടെന്ന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആസ്ബെറ്റോസ് മാറ്റുന്നതുമായി ബന്ധപ്പെട്ട വിഷയം ഞങ്ങളുടെ ഭാഗത്തുനിന്നുമുള്ള പ്രശ്നമല്ല. ആസ്ബെറ്റോസ് ഷീറ്റുകൾ ഉപയോഗിക്കാൻ പാടില്ലെന്ന ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവുള്ളതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. അങ്ങനെയൊരു ഉത്തരവുള്ളതുകൊണ്ട് അവിടെ ക്ലാസ്സുകൾ നടത്താൻ പാടില്ലെന്ന കർശനമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവ് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ടെന്ന് മാത്രമെയുള്ളൂ. അങ്ങ് പറഞ്ഞ മൂന്ന് കാര്യവും ഗൗരവമായി എടുക്കാവുന്നതാണ്.

<u>ശ്രീ. കെ. എം. സച്ചിൻ ദേവ്</u>: സർ, കോവിഡിനെത്തുടർന്ന് ദീർഘകാലമായി നമ്മുടെ സ്കൂളുകൾ അടഞ്ഞുകിടക്കുകയാണ്. അത്തരമൊരു സാഹചര്യത്തിൽ സ്കൂളുകളും പരിസരവും വൃത്തിയാക്കുകയെന്നത് നമ്മുടെയെല്ലാം വലിയ ഉത്തരവാദിത്തമായി മാറിയിരിക്കുകയാണ്. കോവിഡുമായി ബന്ധപ്പെട്ട് സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളുകൾ വൃത്തിയാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ യുവജന-വിദ്യാർത്ഥി പ്രസ്ഥാനങ്ങളും മറ്റ് സന്നദ്ധ സംഘടനകളുമെല്ലാം മാതൃകാപരമായി

രംഗത്തിറങ്ങിയിട്ടുണ്ട്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളുകൾ വൃത്തിയാക്കുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ പ്രത്യേകമായി ആരംഭിച്ചിട്ടുണ്ടോ? അതുസംബന്ധിച്ച വിശദാംശങ്ങൾ സൂചിപ്പിക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ അതിനെപ്പറ്റി നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്. സ്കൂളുകൾ കേന്ദ്രീകരിച്ച് രൂപീകരിക്കുന്ന ജനകീയ സമിതിയുടെ നേതൃത്വത്തിൽ സ്കൂളുകൾ അണുവിമുക്തമാക്കാനും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള നല്ല പരിശ്രമം നാട്ടിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ വിദ്യാർത്ഥി-യുവജന -തൊഴിലാളി-രാഷ്ട്രീയ പാർട്ടികളും എം.എൽ.എ.മാരും തദ്ദേശസ്വയംഭരണം സ്ഥാപനങ്ങളുടെ പ്രതിനിധികളുമെല്ലാം നല്ല പിന്തുണ നൽകിയിരിയാണ്. നമുക്ക് 2020-2021-ൽത്തന്നെ 42,65,273 കുട്ടികളാണ് സ്കൂളുകളിൽ എത്തിച്ചേരുന്നത്. ഇത്രയും വിദ്യാർത്ഥികൾ രണ്ടുമൂന്ന് ഘട്ടങ്ങളായിട്ടാണ് വരുന്നത്. ഇത്രയും വലിയൊരു എണ്ണം വിദ്യാർത്ഥികളാണ് സ്കൂൾ തുറക്കുമ്പോൾ എത്തിച്ചേരുന്നത്. കഴിഞ്ഞ ദിവസം 'തിരികെ സ്കൂളുകളിലേയ്ക്ക്' സ്കൂൾ തുറക്കുന്നതുസംബന്ധിച്ചുള്ള മാർഗ്ഗ രേഖ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൈമാറി. ഇന്ന് (07.10.2021) അതിന്റെ ഉത്തരവ് ഇറങ്ങിയേക്കും.

ഉത്തരവിറങ്ങിയതിനുശേഷം വ്യാപകമായ പ്രചരണം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതുപൊലെതന്നെ എല്ലാ എം.എൽ.എ-മാർക്കും ഇതിന്റെ ഒരു കോപ്പി കൊടുക്കുന്നുണ്ട്. ഇതിൽ പറയുന്ന കാര്യങ്ങൾ, അങ്ങ് നേരത്തെ പറഞ്ഞ റൂളിംഗ് കാരണം വിശദീകരിക്കുന്നില്ല. ഈ കൈപുസ്തകം പ്രകാരം കാര്യങ്ങൾ ചെയ്തുകഴിഞ്ഞാൽ യാതൊരു പ്രശ്നവുമില്ലാതെ നന്നായിതന്നെ സ്കൂളുകൾ നടത്തിക്കൊണ്ടുപോകാൻ കഴിയും.

ശ്രീ. മാണി സി. കാപ്പൻ: സർ, സംസ്ഥാനത്ത് എസ്.എസ്.എൽ.സി.-ക്ക് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ വിജയം നേടിയത് പാല നിയോജകമണ്ഡലവും പാലാ വിദ്യാഭ്യാസ ജില്ലയിലുമാണ്. ഫുൾ എ പ്ലസ് നേടിയ കുട്ടികൾക്ക് ഇപ്പോഴും സയൻസ് ഗ്രൂപ്പ് ലഭ്യമാകാത്ത സാഹചര്യത്തിൽ അഞ്ചു സീറ്റുവീതം ഓരോ സ്കൂളിലും വർദ്ധിപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. നമുക്ക് ഇപ്രാവശ്യം എ പ്ലസ് നേടിയ കുട്ടികളുടെ എണ്ണം കൂടുതലാണ്. എ പ്ലസ് മനപൂർവ്വം കുട്ടികൾക്ക് അനുവദിച്ചതല്ല. കഴിഞ്ഞ പ്രാവശ്യം 45,000 കുട്ടികളാണ് എ പ്ലസ് നേടിയതെങ്കിൽ ഈ പ്രാവശ്യം ഒന്നേകാൽ ലക്ഷം

കുട്ടികൾ എ പ്ലസ് നേടി. കോവിഡ് കാലഘട്ടമായതിനാൽ കുട്ടികളോട് അവരുടെ പാഠപുസ്തകത്തിലുള്ള മുഴുവൻ കാര്യങ്ങളും പഠിക്കാൻ പറയാൻ കഴിയില്ല. അവർ നമ്മുടെ മക്കളാണ്, അതുകൊണ്ട് അവർക്കൊരു ഫോക്കസ് ഏരിയ നിശ്ചയിച്ചു കൊടുത്തിട്ട് ഇന്നയിന്ന സിലബസുകൾ പഠിക്കാൻ നിർദ്ദേശം കൊടുത്തിരുന്നു. ആ ഫോക്കസ് ഏരിയ പഠിച്ച് പരീക്ഷയെഴുതിയ കുട്ടികൾക്ക് നല്ല മാർക്ക് നേടാൻ കഴിഞ്ഞു. അങ്ങനെയാണ് ഒന്നേകാൽ ലക്ഷം കുട്ടികൾക്ക് എ പ്ലസ് നേടാൻ സാധിച്ചത്. അതിന്റെ ഒരു ബുദ്ധിമുട്ടുണ്ട്. അതിനാൽ വീടിനടുത്തുള്ള സ്കൂളുകളിൽ അഡ്മിഷൻ നേടാൻ കഴിയാത്തതും ഇഷ്ട വിഷയത്തിൽ പ്രവേശനം ലഭിക്കാത്തതുമായി പ്രശ്നങ്ങളുണ്ട്. ഈ പ്രശ്നങ്ങൾ രണ്ടാം അലോട്ടുമെന്റിനുശേഷം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നത് കൂട്ടായി ആലോചിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അറിയിച്ചിട്ടുണ്ട്. അതിനുള്ള പരിഹാരം കണ്ടെത്തിയാലെ മതിയാകൂ, ആശങ്കപ്പെടേണ്ട ഒരു കാര്യവുമില്ല.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, കോവിഡിനെത്തുടർന്ന് അടഞ്ഞുകിടന്ന പൊതുവിദ്യാലയങ്ങൾ തുറക്കുന്ന ഈ സാഹചര്യത്തിൽ സ്കൂളുകളിൽ രോഗ സാധ്യത പരിശോധിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള

ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ നേരത്തെ ശുചീകരണത്തെപ്പറ്റിയും അണുനശീകരണത്തെപ്പറ്റിയും സൂചിപ്പിച്ചിരുന്നു. കൂടാതെതന്നെ സ്കൂളുകളിൽ സോപ്പ്, സാനിറ്റൈസർ, കുട്ടികളുടെ ശരീരോഷ്മാവ് അളക്കാൻ തെർമ്മൽ സ്കാനർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. കൂടാതെ ഓരോ സ്കൂളിലും ഓരോ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കും. ഇതിനായി ഗവൺമെന്റ് മേഖലയിലെയും സ്വകാര്യ മേഖലയിലെയും ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തും. ഓരോ സ്കൂളുകളിലും ഒരു ഹെൽപ്‌ലൈനും സിക്ക് റൂമുമുണ്ടാകും. ഏതെങ്കിലും ഒരു കുട്ടിക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ അപ്പോൾതന്നെ ആശുപത്രിയിൽ എത്തിക്കുന്നതിനുള്ള മറ്റ് എമർജൻസി സംവിധാനങ്ങളുണ്ടാകും. ഈ നിലയിൽ എല്ലാ വശങ്ങളും പരിശോധിച്ചുകൊണ്ടുള്ള നടപടികളുമായിട്ടാണ് മുന്നോട്ടുപോകാൻ തീരുമാനിച്ചിട്ടുള്ളത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വളരെ ആശങ്കയോടെയാണെങ്കിലും നമ്മുടെ സ്കൂളുകൾ ഈ സന്ദർഭത്തിൽ തുറക്കാൻ പോകുന്നുവെന്നത് സന്തോഷകരമായ കാര്യമാണ്. യാതൊരു ബുദ്ധിമുട്ടും

കൂടാതെ അദ്ധ്യാപകർക്കും കുട്ടികൾക്കും രക്ഷിതാക്കൾക്കുമെല്ലാം സമാധാനപരമായി നടത്തിക്കൊണ്ടുപോകാൻ കഴിയട്ടെയെന്ന് ആഗ്രഹിക്കുകയാണ്. ഞാനിവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്, സ്കൂളുകൾ തുറക്കുമ്പോൾ, അങ്ങയുടെ ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് പ്രൊമോഷൻ ലഭിച്ച ഒരുപാട് അദ്ധ്യാപകരുണ്ട്. 50 വയസ് കഴിഞ്ഞവർക്കെല്ലാം പ്രൊമോഷൻ നൽകാമെന്ന് പറഞ്ഞ് ഗവൺമെന്റ് നോട്ടിഫിക്കേഷനും ഇറക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ പ്രൊമോഷൻ ലഭിച്ച അദ്ധ്യാപകർക്ക് ഹെഡ്മാസ്റ്ററാകാൻ കഴിയുന്നില്ല. ഒരുപാട് സ്കൂളുകളിൽ പ്രധാന അദ്ധ്യപകരില്ല, 1702 സ്കൂളുകളിലാണ് പ്രധാനാദ്ധ്യാപകരില്ലാത്തത്. അതോടൊപ്പംതന്നെ അദ്ധ്യാപകരില്ലാത്ത ഒരുപാട് സ്കൂളുകളുമുണ്ട്. ഇത്തരം ഈ സന്ദർഭത്തിൽ അദ്ധ്യാപകരില്ലാത്ത അവസ്ഥ സ്കൂളുകളിൽ വലിയ പ്രയാസങ്ങളുണ്ടാക്കും. ഈ പ്രശ്നം പരിഹരിക്കുന്നതിനായി അടിയന്തരമായി പ്രധാനാദ്ധ്യാപകരേയും അദ്ധ്യാപകരേയും നിയമിക്കാനുള്ള നടപടി ഇതിന്റെ ഭാഗമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോയെന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, സംസ്ഥാനത്ത് ലോവർ പ്രൈമറി സ്കൂളുകളിൽ 60,630 അദ്ധ്യാപകരും അപ്പർ പ്രൈമറി സ്കൂളുകളിൽ 44,494 അദ്ധ്യാപകരും ഹൈസ്കൂളുകളിൽ 55,255 അദ്ധ്യാപകരും ഹയർ സെക്കണ്ടറി സ്കൂളുകളിൽ 28,703 അദ്ധ്യാപകരും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 3,879 അദ്ധ്യാപകരുമുണ്ട്. ആകെ 1,32,331 അദ്ധ്യാപരാണ് സംസ്ഥാനത്തുള്ളത്. അങ്ങ് പറഞ്ഞതുപോലുള്ളൊരു പ്രശ്നമുണ്ട്. കോടതിയിൽ നടക്കുന്ന കേസുകളിൽ ഏറ്റവും കൂടുതലും വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടതാണ്. ഏതാണ്ട് അയ്യായിരത്തോളം കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽത്തന്നെയുണ്ട്. നേരത്തെ ഞാൻ സ്കൂൾ കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണത്തെപ്പറ്റി സൂചിപ്പിച്ചു. ഓരോ ചെറിയ പ്രശ്നങ്ങൾക്കുപോലും കോടതിയെ സമീപിക്കുന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്. എൽ.പി. സ്കൂൾ ഹെഡ് മാസ്റ്റർമാരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ടുള്ള കേസ് കോടതിയിൽ നിൽക്കുന്നതിനാൽ പ്രമോഷൻ നൽകാൻ സാധിക്കുന്നില്ല. അക്കാരണത്താൽ ഏതാണ്ട് 1200-ഓളം വരുന്ന എൽ.പി. സ്കൂളുകളിൽ

ഹെഡ് മാസ്റ്റർമാരെ പ്രൊമോഷൻ നൽകി നിയമിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ആ കേസ് മറികടന്ന് സ്കൂൾ തുറക്കുന്നതിനുമുമ്പ് പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാനുള്ള പരിശ്രമത്തിലാണ് വിദ്യാഭ്യാസ വകുപ്പ് എന്നുള്ളകാര്യം അങ്ങയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, കേരളത്തിലെ മക്കൾ വീണ്ടും വിദ്യാലയത്തിലേയ്ക്ക് ചവടുവയ്ക്കുമ്പോൾ അതിന്റെ പ്രവർത്തനങ്ങളെ ധീരമായി ഏകോപിപ്പിക്കുന്ന ഈ സർക്കാരിന് പ്രത്യേക അഭിനന്ദനം. നമ്മുടെ കുഞ്ഞുങ്ങൾ ഭാഗികമായിട്ടാണെങ്കിലും നേരിട്ട് അദ്ധ്യാപകരിൽനിന്ന് പഠിക്കുന്നൊരു സ്ഥിതി വിശേഷം സംജാതമാവുകയാണ്. ഷിഫ്റ്റ് സമ്പ്രദായത്തിലൂടെയുള്ള പഠനമായതിനാൽ തുടർന്നും ഓൺലൈൻ പ്ലാറ്റ്ഫോമുകളേയും വിക്ടേഴ്സ്, ദൂരദർശൻ ചാനലുകൾ വഴിയുള്ള പഠനത്തേയും കുഞ്ഞുങ്ങൾ ഇനിയും ആശ്രയിക്കേണ്ടിവരും. അദ്ധ്യാപകർക്കും കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നതിന് നിലവിലെ സമ്പ്രദായം തന്നെ ഉപയോഗിക്കേണ്ടിവരും. ആയതിനാൽ കുട്ടികളുടെ learning continuity-

യും അദ്ധ്യാപകരുടെ teaching co-ordination-ഉം ഫലപ്രദമാക്കുന്ന ഒരു അക്കാദമിക് പ്ലാൻ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ;

ശ്രീ. വി. ശിവൻകുട്ടി: സർ, നമ്മുടെ മാർഗ്ഗരേഖയിൽ അക്കാര്യം സംബന്ധിച്ച് പറയുന്നുണ്ട്. കോവിഡ് കാലഘട്ടത്തിൽ ആരംഭിക്കുന്ന ക്ലാസ്സുകൾക്ക് പുതിയൊരു അക്കാദമിക് കലണ്ടറും അക്കാദമിക് അപ്രോച്ചും വേണമെന്ന് ആലോചിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള SCERT, SSK, Victors Channel തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടിയുള്ള പുതിയൊരു അപ്രോച്ചിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. സ്കൂളുകൾ തുറക്കുന്നതിനോടൊപ്പംതന്നെ ഓൺലൈൻ, ഓഫ്‌ലൈൻ, ഡിജിറ്റൽ ക്ലാസ്സുകളും തുടരുന്നതാണ്. അതുപോലെത്തന്നെ സ്കൂളുകളിലും ക്ലാസ്സുണ്ട്. ഇവ ഒരുമിച്ച് കൊണ്ടുപോകണമെന്ന് തന്നെയാണ് വിദ്യാഭ്യാസ വകുപ്പ് ആലോചിച്ചിട്ടുള്ളത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കഴിഞ്ഞ അദ്ധ്യയന വർഷത്തിലും കോവിഡ് കാലത്ത് സ്കൂൾ തുറക്കുന്നതിനുമുമ്പ് നവംബർ മാസത്തിൽ ട്യൂട്ടോറിയൽ കോളേജുകൾ, പാരലൽ കോളേജുകൾ, ട്യൂഷൻ സെന്ററുകൾ

എന്നിവയൊക്കെ തുറക്കുവാനുള്ള അനുവാദം സർക്കാർ നൽകിയിരുന്നു. പതിനായിരക്കണക്കിന് ചെറുപ്പക്കാർ തൊഴിൽ ചെയ്യുന്ന ഒരു വലിയൊരു മേഖല കൂടിയാണത്. ഈ മേഖല തുറന്ന് പ്രവർത്തിക്കാൻ നാളിതുവരെ സർക്കാർ അനുവാദം കൊടുത്തിട്ടില്ല. ഈ വിഷയം അനുഭാവപൂർവ്വം പരിഗണിച്ചുകൊണ്ട് ട്യൂഷൻ സെന്ററുകൾ, പാരലൽ കോളേജുകൾ, മറ്റ് ട്രെയിനിംഗ് സെന്ററുകൾ എന്നിവയ്ക്ക് പ്രവർത്തിക്കാനുള്ള നയപരമായൊരു തീരുമാനം സർക്കാർ എടുക്കുമോ;

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, സ്കൂളുകളും കോളേജുകളും തുറക്കുന്നതുപോലെ പാരലൽ കോളേജുകളും ട്യൂഷൻ സെന്ററുകളും തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രഖ്യാപനം നടത്താൻ സർക്കാരിന് സാധിക്കില്ല. ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് ഉദ്ദേശിച്ചത് എന്താണെന്ന് സംബന്ധിച്ച് മനസ്സിലായില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കോവിഡ് നിയന്ത്രണങ്ങൾ കാരണം അവരിപ്പോൾ പ്രവർത്തിക്കുന്നില്ല. പാരലൽ കോളേജുകളും ട്യൂഷൻ സെന്ററുകളും തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യം

നിലനിൽക്കുകയാണ്. അവർക്കുകൂടി അനുവാദം നൽകണമെന്നാണ് ആവശ്യപ്പെടുന്നത്.

ശ്രീ. വി. ശിവൻകുട്ടി: സർ, അതുസംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി തന്നെ മറുപടി പറയുന്നതായിരിക്കും ഉചിതം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഈ ഘട്ടത്തിൽ സ്കൂളുകൾ തുറക്കുന്ന് പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് സർക്കാർ പരിഗണിച്ചത്. കൃത്യമായ ആലോചനകളിലൂടെ മാർഗ്ഗരേഖ പുറത്തിറക്കിക്കൊണ്ടാണ് അക്കാര്യത്തെപ്പറ്റി ആലോചിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തെപ്പറ്റി സർക്കാർ പിന്നീട് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, ശ്രീ. പി. സി. വിഷ്ണുനാഥ് സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നത് വളരെ ഗൗരവമുള്ള വിഷയംതന്നെയാണ്. സാഹചര്യം ഇങ്ങനെയൊക്കെ ആയിരിക്കെ, നമ്മുടെയും നമ്മുടെ ബന്ധുക്കളുടെയും വീടുകളിലുള്ള വീടുകളിലുമുള്ള കുട്ടികൾ എല്ലാവരും ട്യൂഷന് പോകുന്നവരാണ്. ആയിരക്കണക്കിന് അദ്ധ്യാപകർ ട്യൂഷൻ

സെന്ററുകളിൽ പഠിപ്പിക്കുന്നുണ്ടെന്ന കാര്യം ശരിയാണ്. പക്ഷേ, അടച്ചിട്ടിരിക്കുന്ന ട്യൂഷൻ സെന്ററുകൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള ഉത്തരവിറക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പിനോ ഉന്നത വിദ്യാഭ്യാസ വകുപ്പിനോ കഴിയില്ല എന്നുള്ള കാര്യം സത്യമാണ്. എന്നാൽ അവരെ നമുക്കെങ്ങനെ സഹായിക്കാൻ കഴിയുമെന്ന കാര്യത്തെപ്പറ്റി സർക്കാർ വളരെ ഗൗരവത്തോടുകൂടി ആലോചിക്കുന്നതാണ്.

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം

(*92) ശ്രീ. ജി. സ്റ്റീഫൻ:

ശ്രീ. റ്റി. പി. രാമകൃഷ്ണൻ:

ശ്രീ . കെ. ഡി. പ്രസേനൻ:

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. പൊതുമരാമത്ത് വകുപ്പിൽ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ കൂടുതൽ കാര്യക്ഷമമായി തുടർന്നു

വരുന്നു.

(ബി) പൊതുമരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

പൊതുമരാമത്ത് പ്രവൃത്തികളിലെ അഴിമതി സംബന്ധിച്ച് പൊതുജനങ്ങൾ സമർപ്പിക്കുന്ന പരാതികളിന്മേൽ വകുപ്പിലെ ആഭ്യന്തര വിജിലൻസ് സംവിധാനം മുഖേന അന്വേഷണം നടത്തി നടപടികൾ യഥാസമയം സ്വീകരിച്ചു വരുന്നു. പരാതികളിന്മേൽ ധനകാര്യ പരിശോധനാവിഭാഗം, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ എന്നിവ അന്വേഷണം നടത്തി സമർപ്പിക്കുന്ന ശിപാർശകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ക്രമക്കേടുകൾക്ക് ഉത്തരവാദികളായി കണ്ടെത്തുന്ന കോൺട്രാക്ടർമാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നു. ബന്ധപ്പെട്ട പ്രവൃത്തിയുടെ പരിപാലന കാലയളവിലുണ്ടാകുന്ന തകരാറുകൾ കരാറുകാരന്റെ ചെലവിൽ തന്നെ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നു. പൊതുമരാമത്ത് പ്രവൃത്തികളെ

സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി വകുപ്പുമന്ത്രിയുടെ തൽസമയ ഫോൺ ഇൻ പരിപാടി, മൊബൈൽ ആപ്ലിക്കേഷൻ ആയ 'PWD 4U', ടോൾ ഫ്രീ നമ്പർ എന്നിവ വഴി പരാതി സ്വീകരിക്കൽ എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനങ്ങൾ മുഖേന ലഭിക്കുന്ന പരാതികൾ കേന്ദ്രീകൃത സംവിധാനമായ പബ്ലിക് ഇൻഫർമേഷൻ സെല്ലിൽനിന്നും അതത് ജില്ലകളിലെ നിരത്ത് പരിപാലന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിരത്ത് ഉപ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകുകയും പരാതി പരിഹാരത്തിനുള്ള നടപടികൾ റോഡ്സ് ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ റോഡ് മെയിന്റനൻസ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും പി.ഐ. സെല്ലിനും നൽകുന്നു. 'PWD 4U' ആപ്പ് മുഖേന ലഭ്യമാകുന്ന പരാതികൾ സംബന്ധിച്ച പുരോഗതി നിരത്ത് പരിപാലന വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നിരീക്ഷിച്ചു വരുന്നു. പ്രസ്തുത ആപ്പിലേയ്ക്ക് വരുന്ന പരാതികൾ തൽസമയം തന്നെ പരിശോധിച്ച് പരാതിക്കാരെ നേരിട്ടുവിളിച്ച് വിശദവിവരങ്ങൾ ചർച്ച

ചെയ്തശേഷം കെ.എസ്.ടി.പി.യുടെ കീഴിൽ പ്രവർത്തിക്കുന്ന PI Cell-ൽ ജില്ല അടിസ്ഥാനത്തിൽ തരംതിരിച്ച് അതത് നിരത്ത് പരിപാലന വിഭാഗം, നിരത്ത് ഉപവിഭാഗം കാര്യാലയങ്ങളിൽ ഇ-മെയിൽ മുഖാന്തിരം അറിയിക്കുകയും ലഭ്യമായ പരാതികളിൽ നിരത്ത് ഉപവിഭാഗം കാര്യാലയങ്ങളിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ എടുക്കുകയും അവിടെനിന്ന് ലഭിക്കുന്ന മറുപടികൾ നിരത്ത് പരിപാലന വിഭാഗം കാര്യാലയത്തിൽ നിന്ന് 'PWD 4U' മൊബൈൽ ആപ്പ് വഴി പരാതിക്കാരനെ അറിയിക്കുകയും ചെയ്യുന്നു. ഈ ആപ്പ് നിലവിൽ വന്നതുവഴി പൊതുജനങ്ങൾക്ക് പരാതികൾ പെട്ടെന്ന് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താനും പരാതികൾക്ക് വകുപ്പ് തലത്തിൽ എത്രയും പെട്ടെന്ന് പരിഹാര നടപടികൾ സ്വീകരിക്കാനും ഇതുവഴി വകുപ്പിനെ കൂടുതൽ ജനസൗഹൃദമാക്കുന്നതിനും സാധിക്കുന്നുണ്ട്. ഇതുകൂടാതെ സോഷ്യൽ മീഡിയയിൽ കൂടിയും നേരിട്ട് ഫോൺ ഇൻ പ്രോഗ്രാം വഴിയും വകുപ്പുമന്ത്രിക്ക് പരാതികൾ ബോധിപ്പിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള സംവിധാനവും നിലവിലുണ്ട്. സാമൂഹ്യ മാധ്യമങ്ങളിലൂടെ ലഭിക്കുന്ന പരാതികൾ അതതു വിഭാഗത്തിൽ തന്നെ

പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു. 'PWD 4U' ആപ്പ് മുഖാന്തിരം 12,691 പരാതികൾ ലഭിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ കാലോചിതവും സുതാര്യവുമാക്കാൻ വിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ചീഫ് എഞ്ചിനീയർ ഓഫീസ് മുതൽ സെക്ഷൻ ഓഫീസുകൾ വരെ e-office സംവിധാനം സമീപഭാവിയിൽ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ അഴിമതി നിർമ്മാർജ്ജനത്തിന്റെയും പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റെയും ഭാഗമായി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമുതൽ Final Bill payment വരെയുള്ള വിവരങ്ങൾ Price Software-ന്റെ മൂന്നാംഘട്ടത്തിലൂടെ നടപ്പിലാക്കി വരുന്നു. ഗുണനിലവാര പരിശോധന ഉറപ്പുവരുത്തുന്നതിനായി Mobile Automated Testing Lab-കൾ മൂന്ന് മേഖലകളിലായി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിവിധ ഏജൻസികൾ മുഖേന നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വേഗത വർദ്ധിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ജില്ലാകളക്ടർ ചെയർമാനും എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറുമായി നിലവിലുള്ള District Infrastructure Co-ordination committee ചലനാത്മകമാക്കിയിട്ടുണ്ട്. ടി

കമ്മിറ്റി ജില്ലാ തലങ്ങളിൽ എല്ലാ മാസവും യോഗങ്ങൾ ചേരുന്നതും വർഷത്തിൽ മൂന്ന് തവണ ഈ കമ്മിറ്റിയുടെ പ്രവർത്തനം വകുപ്പുമന്ത്രിയും എം.എൽ.എ.യും അവലോകനം നടത്തുന്നതുമാണ്. ജില്ലകളുടെ ചുമതല രണ്ട് State Nodal Officer മാർ നിർവ്വഹിക്കുന്നു. Defect Liability Period-ന് ശേഷം Major District Roads- കളിലെ രൂപപെട്ടിരിക്കുന്ന കുഴികൾ ദീർഘകാലാടിസ്ഥാനത്തിൽ നികത്തുന്നതിന് Running Contract എന്ന സംവിധാനം രൂപപ്പെടുത്തുന്നുണ്ട്. Transformation Mission-ന്റെ ഭാഗമായി "Mission - Vision" എന്ന പ്രോഗ്രാം വിശദമായി ചർച്ച ചെയ്ത് തീരുമാനിക്കും.

(സി) പ്രസ്തുത വകുപ്പിലെ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ആധുനീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തിൽ മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ അധിക തസ്തികകൾ പുനർവിന്യസിച്ച് ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജില്ലാതല

ക്വാളിറ്റി കൺട്രോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അതത് ജില്ലകളുടെ വിജിലൻസ് ഓഫീസർമാരുടെ അധിക ചുമതല നൽകിയിട്ടുമുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിലെ അഴിമതി സംബന്ധിച്ച പരാതികളിന്മേൽ ആഭ്യന്തര വിജിലൻസ് സംവിധാനം, ധനകാര്യ പരിശോധനാ വിഭാഗം എന്നിവ മുഖേന അന്വേഷണം നടത്തി നടപടി സ്വീകരിച്ചു വരുന്നു.

(ഡി) പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സോഷ്യൽ ഓഡിറ്റ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കി അതുവഴി ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനുംവേണ്ടി 05.01.2018 ലെ G.O.(MS).1/2018/PWD പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിന് ഉത്തരവായിരുന്നു. അതിന്റെ ഭാഗമായി പ്രവൃത്തികൾ വിലയിരുത്തുന്നതിനായി ജില്ലാ തലത്തിൽ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാനായി, ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രതിനിധികൾ, വിരമിച്ച എഞ്ചിനീയർമാർ എന്നിവരെ ഉൾപ്പെടുത്തി സമിതികളും രൂപീകരിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിംഗ് അഴിമതി കുറയ്ക്കാൻ

സഹായകരമാണെങ്കിലും ജില്ലാതല സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും വിപുലമാക്കുകയും ചെയ്യുന്നതു വഴി ഇക്കാര്യത്തിലെ പ്രഖ്യാപിത ലക്ഷ്യമായ അഴിമതി നിർമ്മാർജ്ജനം സാധ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ജി. സ്റ്റീഫൻ: സർ, റോഡ് നിർമ്മാണ പ്രവർത്തനങ്ങളിലും അവയുടെ പരിപാലനത്തിലും പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും സംസ്ഥാന പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചു വരുന്ന സുശക്തമായ നടപടികൾ അഭിനന്ദനീയമാണ്. മുടങ്ങിക്കിടക്കുന്ന വർക്കുകളുടെ സ്ഥലങ്ങൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെ നേരിട്ട് സന്ദർശിക്കുകയും ജില്ലകളിൽ എം.എൽ.എ. മാരുടെ നേതൃത്വത്തിൽ മന്ത്രികൂടി പങ്കെടുത്തുകൊണ്ട് അവലോകനയോഗങ്ങൾ ഇതിനകം ചേരാൻ കഴിഞ്ഞത് പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തനങ്ങൾ ശക്തമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹായകരമായിട്ടുണ്ട്. എന്നാൽ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി സ്ഥലമേറ്റെടുക്കുന്ന പ്രക്രിയയിൽ ഇപ്പോഴും കാലതാമസം നേരിടുന്നുവെന്ന പരാതി നിലനിൽക്കുന്നുണ്ട്.

ഇത്തരത്തിലുള്ള സ്ഥലമേറ്റെടുക്കൽ പ്രക്രിയ വേഗത്തിലാക്കുന്നതിന് പുതിയ നടപടികൾ എന്തെങ്കിലും സർക്കാർ സ്വീകരിച്ചിട്ടുണ്ടോ, അതിന് ആലോചനയുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം;

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തിയിൽ വരുന്ന തടസ്സങ്ങൾ ഒട്ടുമിക്കതും മറ്റു വകുപ്പുകൾകൂടി ബന്ധപ്പെട്ടതാണ്. അതായത്, ലാന്റ് അക്വസിഷൻ, യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പോലുള്ള മറ്റ് വിഷയങ്ങൾ. മറ്റു വകുപ്പുകളുടെ മന്ത്രിമാരുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ചർച്ച നടത്തുകയും വളരെ പോസിറ്റീവായ നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരു ഏകോപനം ഇക്കാര്യത്തിൽ പ്രധാനമാണ് എന്നുള്ളതുകൊണ്ടുതന്നെ വർഷത്തിൽ മൂന്ന് തവണ എല്ലാ ജില്ലകളിലും എം.എൽ.എ. മാരുടെ നേതൃത്വത്തിൽ മന്ത്രികൂടി പങ്കെടുത്തുകൊണ്ട് എല്ലാ നിലയിലുമുള്ള പരിശോധനകളും നടത്താനാണ് ഉദ്ദേശിക്കുന്നത്. വകുപ്പിന്റെ ചുമതല ഏറ്റെടുത്ത ആദ്യ രണ്ടു മാസത്തിനിടയിൽ 14 ജില്ലകളിലും സന്ദർശനം നടത്തി പ്രവൃത്തികൾ തടസ്സപ്പെടുന്നതിനുള്ള പ്രധാന പ്രശ്നങ്ങളെക്കുറിച്ച് അതത് ജില്ലകളിൽ തന്നെ യോഗം നടത്തുകയുണ്ടായി. പൊതുവെ ഇവിടെ സൂചിപ്പിച്ച പ്രശ്നം

പരിഹരിക്കുന്നതിനായി രണ്ട് സ്റ്റേറ്റ് നോഡൽ ഓഫീസർമാരെ നിശ്ചയിക്കുകയുണ്ടായി. രണ്ട് സ്റ്റേറ്റ് നോഡൽ ഓഫീസർമാർ, ഐ.എ.എസ്. ഉദ്യോഗസ്ഥർ, 7 ജില്ലകൾ വീതം ചുമതലയെടുത്തുകൊണ്ട് ആ പ്രവർത്തനങ്ങൾ പരിശോധിക്കുന്ന സ്ഥിതിയാണ്. പി.ഡബ്ല്യൂ.ഡി.യുടെ ഒരു മിഷൻ ടീമിന് ഇതിനായി രൂപം കൊടുക്കുകയുണ്ടായി. ചീഫ് എഞ്ചിനീയർമാർ, പി.ഡബ്ല്യൂ.ഡി. സെക്രട്ടറി, സ്റ്റേറ്റ് നോഡൽ ഓഫീസർമാർ, ബന്ധപ്പെട്ട വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന മിഷൻ ടീം ഓരോ 15 ദിവസം കഴിയുമ്പോഴും യോഗം ചേർന്ന് അതത് ഘട്ടങ്ങളിലെ പ്രശ്നങ്ങൾ പരിശോധിച്ചു വരുന്നുണ്ട്. ഡി.ഐ.സി.സി. എന്ന സംവിധാനം നേരത്തെയുണ്ട്, ഇൻഫ്രാസ്ട്രക്ച്ചർ കമ്മിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ്സ് കൺവീനറും, കളക്ടർ ചെയർമാനുമായ കമ്മിറ്റി പല കാരണത്താൽ മുന്നോട്ട് പോകാത്ത സ്ഥിതിയുണ്ടായിരുന്നു. ഇപ്പോൾ എല്ലാ മാസവും ഡി.ഐ.സി.സി. യോഗം നടക്കുന്ന സ്ഥിതിയുണ്ട്. ടി ഡി.ഐ.സി.സി. യോഗത്തിൽ സ്റ്റേറ്റ് നോഡൽ ഓഫീസർമാർ കൂടി ഗൈഡ് ചെയ്ത്, പ്രശ്നങ്ങൾ എന്താണെന്ന് മനസ്സിലാക്കി പോകുന്ന സ്ഥിതിയാണ് ഉള്ളത്. മേജർ പ്രോജക്ടുകൾ ഏതെന്ന് ലിസ്റ്റ് ചെയ്ത് യഥാസമയം

പ്രവൃത്തികൾ നടത്താൻ മന്ത്രിതന്നെ നേരിട്ട് മേജർ പ്രോജക്ട് യോഗത്തിൽ പങ്കെടുക്കുന്ന ഒരു പ്രോഗ്രാമും ഇപ്പോൾ നടത്തുന്നുണ്ട്. ഇതിനു പുറമേ എല്ലാ എം.എൽ.എ. മാരും അവരുടെ മണ്ഡലത്തിൽ യഥാസമയം യോഗങ്ങൾ ചേരാനും ആ യോഗത്തിൽ എല്ലാ നിലയിലുമുള്ള സഹായം നൽകി ടി യോഗങ്ങളിലൂടെ ഉയർന്നുവരുന്ന പ്രശ്നങ്ങൾ പരിഹരിച്ചു പോകാനുള്ള ഇടപെടലുകൾ നടത്താൻ ഒരു സമ്പ്രദായം കൂടി കൊണ്ടുവരുന്നുണ്ട്.

ശ്രീ. ജി. സ്റ്റീഫൻ: സർ, പൊതുജന പരാതികൾ സമയബന്ധിതമായി പരിശോധിച്ച് അവ പരിഹരിക്കുന്നതിനായി ഒരു മൊബൈൽ ആപ്പ് വകുപ്പ് ആവിഷ്ക്കരിച്ചിട്ടുണ്ടല്ലോ, പരാതികൾ ഉടനടി തന്നെ വകുപ്പ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി ആരംഭിച്ച ഈ പുതിയ സംവിധാനം നിലവിൽ വന്നപ്പോൾ അതോടൊപ്പം പ്രഖ്യാപിച്ചിരുന്ന മുഴുവൻ റോഡുകളുടേയും ഡിജിറ്റലൈസേഷൻ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലെത്തിയെന്ന് വിശദമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഡിജിറ്റലൈസേഷൻ പരിപൂർണ്ണമാക്കൽ എന്നത് വളരെ പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. ഡിജിറ്റലൈസേഷൻ പരിപൂർണ്ണമാക്കി കഴിഞ്ഞാൽ ടി ടെക്നോളജിയിലൂടെ

ധാരാളം വിഷയങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. ഉദാഹരണത്തിന് കേരളത്തിലെ മൊത്തം റോഡുകളിൽ ചെറിയ ശതമാനം മാത്രമേ പൊതുമരാമത്ത് റോഡുകളായിട്ടുള്ളൂ. 33000 കിലോമീറ്റർ മാത്രമാണ് പൊതുമരാമത്ത് റോഡുകൾ. മഹാഭൂരിപക്ഷവും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട റോഡുകളാണ്. എന്നാൽ കേരളത്തിൽ ഏറ്റവും തിരക്കേറിയ വാഹനങ്ങൾ ഏറ്റവും അധികം ഓടിക്കുന്ന മേജർ റോഡുകൾ കൂടുതലും പൊതുമരാമത്ത് വകുപ്പിന്റേതാണ്. ടെക്നോളജിയെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കണമെങ്കിൽ ഡിജിറ്റലൈസേഷൻ അനിവാര്യമാണ്. ആ ഡിജിറ്റലൈസേഷന്റെ പ്രവർത്തനം ജൂൺ മാസം ആദ്യം ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഡിജിറ്റലൈസേഷനിൽ നിന്നും ഏറെ മുന്നോട്ട് പോകാൻ സാധിച്ചിട്ടുണ്ട്, സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ എന്ന നമ്മുടെ ലക്ഷ്യത്തിലേക്ക് തീർച്ചയായും എത്തിക്കുവാൻ സാധിക്കുമെന്ന് ഉറച്ച് വിശ്വസിക്കുകയാണ്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഇവിടെ ഉന്നയിച്ചിട്ടുള്ള ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരങ്ങൾ ഈ പ്രശ്നങ്ങളിൽ കൂടുതൽ വ്യക്തത വരുത്തുന്നതാണ്. എല്ലാവരും നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാന

പ്രശ്നം, റോഡുകളിലുള്ള കുഴിതന്നെയാണ്. ഇത് പ്രധാനമായും അനുഭവപ്പെടുന്നത് നാഷണൽ ഹൈവേയിലാണ്. സമീപകാലത്ത് എൻ.എച്ച്.എ.ഐ. സ്വീകരിച്ചിട്ടുള്ള നിലപാടുകൾ പൊതുമരാമത്ത് വകുപ്പിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്ന രീതിയിലാണ്. ഇക്കാര്യങ്ങൾ പരിഗണിച്ച് ഇവയ്ക്ക് ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി, ഒരു പദ്ധതി ആവിഷ്കരിച്ചതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പി.ഡബ്ല്യു.ഡി.യുടെ തനത് വർക്ക് മാത്രമല്ല, എൻ.എച്ച്.എ.ഐ.യിൽ വരുന്ന പ്രശ്നങ്ങളും പി.ഡബ്ല്യു.ഡി.യുടെ ചുമതലയിൽ നിർവ്വഹിക്കേണ്ടതാണ്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി ദീർഘകാല പ്രശ്നത്തിന് പരിഹാരമെന്ന നിലയിൽതന്നെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നിലപാടുകൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുമോ;

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിച്ചത്. നമ്മുടെ നാട് നേരിടുന്ന പ്രധാന പ്രശ്നങ്ങളെ രണ്ടായി തിരിക്കാവുന്നതാണ്. ഒന്ന്,

എൻ.എച്ച്.എ.ഐ.യുടെ റോഡുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികളും കുഴികളും. രണ്ട്, പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട റോഡുകളുടെ അറ്റകുറ്റപ്പണികളും കുഴികളും. രണ്ടും രണ്ടായിത്തന്നെ വിശദീകരിക്കുന്നതായിരിക്കും ഉചിതം. എൻ.എച്ച്.എ.ഐ.യുമായി ബന്ധപ്പെട്ട് ശ്രദ്ധക്ഷണിക്കലിന് മറുപടിയായി ഇക്കാര്യങ്ങൾ വളരെ വിശദമായി പറഞ്ഞിരുന്നു. അതിനുശേഷം ചില പുരോഗതികൂടി ഉണ്ടായിട്ടുണ്ട്. എൻ.എച്ച്.എ.ഐ. നിലവിൽ 6 വരിപ്പാത ആക്കുന്നതിനു ഭാഗമായി പരിപൂർണ്ണമായി നമ്മുടെ ദേശീയപാത എൻ.എച്ച്.എ.ഐ.ക്ക് കൈമാറുന്ന സ്ഥിതിയാണ്, കേന്ദ്ര സർക്കാരിന്റെ അധീനതയിലാണ് ഇപ്പോൾ ഉള്ളത്. നാഷണൽ ഹൈവേ പി.ഡബ്ല്യു.ഡി.യുടെ കയ്യിലുള്ളത് വളരെ ചുരുങ്ങിയ കിലോമീറ്റർ മാത്രമാണ്, നാന്നൂറ്റി ചില്ല്വാനം കിലോമീറ്റർ മാത്രമാണ്. ബാക്കി മഹാ ഭൂരിപക്ഷവും എൻ.എച്ച്.എ.ഐ.യുടെ കയ്യിലേക്ക് മാറിക്കഴിഞ്ഞു. കൈമാറ്റത്തിന്റെ ഭാഗമായി ഇപ്പോൾ ആ റോഡുകളിൽ ഒരു കുഴി വന്നാൽ മറ്റു പ്രശ്നങ്ങൾ വന്നാൽ പഴയതുപോലെ നേരിട്ട് ഇടപെടാൻ പൊതുമരാമത്ത് വകുപ്പിന് സാധിക്കാത്ത പ്രശ്നമുണ്ട്. അത് ഒരു പ്രധാന വിഷയമായി നിലകൊള്ളുന്നു. ഇത് ഏറ്റവും അധികം ബാധിച്ച ജില്ല

ആലപ്പുഴ ജില്ലയാണ്. ആലപ്പുഴ ജില്ലയിലെ മന്ത്രിമാർ, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, അവിടുത്തെ എം.എൽ.എ.മാർ നമ്മൾ എല്ലാപേരും ഇത് രണ്ടു തവണ ചർച്ച ചെയ്തിരുന്നു. കേന്ദ്ര മന്ത്രിക്ക് ഇതുമായി ബന്ധപ്പെട്ട് കത്ത് അയച്ചിരുന്നു. ആലപ്പുഴയിൽ കളക്ടറേറ്റിൽ യോഗം ചേർന്ന് ഇക്കാര്യം പരിഹരിക്കാനുള്ള ശ്രമങ്ങളും നടത്തിയിട്ടുണ്ട്. അടുത്തയാഴ്ച തിരുവനന്തപുരത്ത് ആലപ്പുഴ ജില്ലയിലെ എം.എൽ.എ. മാരും, എം.പി. മാരും മറ്റ് ജില്ലകളിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ ഉൾപ്പെടെ വച്ചുകൊണ്ട് സംസ്ഥാന തലത്തിലുള്ള ഈ പ്രശ്നം ചർച്ച ചെയ്യാൻ എൻ.എച്ച്.എ.ഐ.യുമായി ഒരുയോഗം തിരുവനന്തപുരത്ത് അടുത്തയാഴ്ച വിളിച്ചിട്ടുണ്ട്. ഇത് എൻ.എച്ച്.എ.ഐ.യുമായി ബന്ധപ്പെട്ട പ്രശ്നമാണ്, റോഡ് ആരുടെ റോഡാണെന്നും നാട്ടുകാർക്ക് അറിയില്ല, കുഴി കണ്ടാൽ അത് പൊതുമരാമത്തിന്റെ ഉത്തരവാദിത്തമായി കാണുന്നുവെന്നത് വസ്തുതയാണ്. രണ്ടാമത്തെ പ്രശ്നം ഇവിടെ പറഞ്ഞത്, പൊതുമരാമത്ത് വകുപ്പ് യഥാർത്ഥത്തിൽ പഴികേൾക്കാൻ ഉത്തരവാദിത്തമുള്ള റോഡുകളിലെ കുഴികൾ, അത് എങ്ങനെ പരിഹരിക്കാമെന്നതാണ് രണ്ടാമത്തെ പ്രശ്നം. അതിന് ചില പരിഹാര മാർഗ്ഗങ്ങൾ ഇപ്പോൾ കണ്ടെത്തിയിട്ടുണ്ട്, കുറെ

നമുക്ക് നന്നായി മുന്നോട്ട് കൊണ്ടുപോകാൻ പറ്റിയിട്ടുണ്ട്. മഴക്കാലം വരുമ്പോൾ റോഡിൽ അറ്റകുറ്റപ്പണികൾ വരുന്നുവെന്നതാണ്, നമ്മുടെ കാലാവസ്ഥയുമായി ബന്ധപ്പെട്ട ദീർഘകാലമായി നിൽക്കുന്ന പ്രശ്നം. റോഡുകളുടെ നിലവാരമുയർത്തുകയെന്നതുതന്നെയാണ് ഇതിന്റെ പ്രധാനപ്പെട്ട പരിഹാരം. ഡിഫക്റ്റ് ലയബിലിറ്റി പിരീഡിൽ നിലനിൽക്കുന്ന റോഡുകളിൽ കുഴികൾ ഉണ്ടായാൽ കരാറുകാരന്റെ ശ്രദ്ധയിൽപ്പെടുത്തി അറ്റകുറ്റപ്പണി നടത്തുന്ന രീതിയുണ്ട്, എവിടെയെങ്കിലും പോരായ്മ ഉണ്ടെങ്കിൽ എം.എൽ.എ. മാർ തന്നെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്, അതത് സമയത്ത് ഇടപെടുന്നുമുണ്ട്. അതില്ലാത്തിടത്ത് ടെണ്ടർ വിളിച്ച് കുഴികൾ അടയ്ക്കുകയെന്നതാണ് രീതി, ഇതിന് കുറെ പ്രശ്നങ്ങൾ ഉണ്ടാകും. ആ പ്രശ്നങ്ങൾ പരിഹരിക്കണം. യഥാസമയം ഇടപെടാൻ സാധിക്കണം. റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ വേണ്ടി പോകുന്ന കാര്യം ഇവിടെ പ്രത്യേകം അറിയിക്കാൻ വേണ്ടി ഞാൻ ആഗ്രഹിക്കുകയാണ്. ഡി.എൽ.പി. നിലവിലില്ലാത്ത റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ടിലൂടെ അറ്റകുറ്റപ്പണികളും മറ്റും നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. നിശ്ചിത കാലയളവിൽ റോഡുകളുടെ അറ്റകുറ്റപ്പണികളുടെ

ചുമതല നൽകിയാൽ ടെണ്ടറിംഗ് പ്രോസസ്സിന്റെ സമയം കുറയ്ക്കാനും കഴികളും മറ്റും രൂപപ്പെട്ടാൽ ആ കോൺട്രാക്ടറുടെ ശ്രദ്ധയിൽപ്പെടുത്താനും തുടർ നടപടികൾ സ്വീകരിക്കാനുമാകും. ഓരോ റോഡുകളിലും റണ്ണിംഗ് കോൺട്രാക്ട് നിശ്ചയിച്ച് ആ റോഡുകളുടെ മെയിന്റനൻസ് ആർക്കാണ്, ആ കരാറുകാരന്റെയും എഞ്ചിനീയറുടെയും പേരും നമ്പരും ഇങ്ങനെയുള്ള എല്ലാ റോഡുകളിലും ഭാവിയിൽ വയ്ക്കുവാൻ ഉദ്ദേശിക്കുകയാണ്. എം.എൽ.എ. മാർക്കും, ജനപ്രതിനിധികൾക്കും, ജനങ്ങൾക്കും ഏതു ഘട്ടത്തിലും ഈ റണ്ണിംഗ് കോൺട്രാക്ട് നടപ്പിലാക്കാത്തവരെ സ്ക്രൂട്ടിണി ചെയ്യാനും അവരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടത് ശ്രദ്ധയിൽപ്പെടുത്താനും ഈ സംവിധാനത്തിലൂടെ സാധിക്കും. രണ്ടു കുഴിപ്രശ്നത്തിൽ രണ്ടാമത്തെ പ്രശ്നം ഇങ്ങനെ പരിഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ഒന്നാമത്തെ കുഴിപ്രശ്നം അടുത്തയാഴ്ചത്തെ യോഗം കഴിഞ്ഞ് നമുക്ക് നിലപാടെടുക്കാം.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിലുള്ള ദേശീയപാത അതോറിറ്റി റോഡുകളിൽ എത്ര കുഴി കുഴിച്ചുവച്ചാലും നമ്മുടെ മന്ത്രിയുടെ യാത്രയുടെ വേഗതയിൽ ഒരു കുറവുമില്ല എന്നുതെളിയിക്കുന്ന നടപടികളാണ് കഴിഞ്ഞ

മാസങ്ങളിലായി നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്, ഇക്കാര്യത്തിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. റോഡ് സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനായുള്ള പി.ഡബ്ല്യൂ.ഡി. ഫോർ യു ആപ് (PWD 4u App.) -നെക്കുറിച്ച് ഇവിടെ പറഞ്ഞു. പ്രസ്തുത App-ൽ പ്രൈസ്, വിങ്സ് മുതലായവയിലുള്ള പ്രവൃത്തികൾകൂടി സമന്വയിപ്പിച്ച് കെട്ടിടങ്ങൾ, പാലങ്ങൾ നിരത്തുകൾ തുടങ്ങിയവയെ കൂട്ടിയോജിപ്പിച്ചുകൊണ്ട് എല്ലാ ആസ്തികളെയും പ്രവൃത്തികളെയും നോക്കിക്കാണാനും ഈ വിഭാഗത്തിൽ പരാതികൾ വന്നാൽ കൃത്യമായി പരിഹരിക്കാനും ആവശ്യമായ സമഗ്രമായ സുതാര്യ ജാലകമായി ഈ ആപ്പിനെ മാറ്റുവാൻ പ്ലാനുണ്ടോ;

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, തീർച്ചയായും ഇവിടെ ചോദിച്ച ചോദ്യം വളരെ പ്രസക്തമാണ്. പല പ്രശ്നങ്ങൾക്കും പരിഹാരം കാണാനായി നമ്മുടെ കൈയിലുള്ള ആയുധം ടെക്നോളജി തന്നെയാണ്. ടെക്നോളജിയെ ഫലപ്രദമായി ഉപയോഗപ്പെടുത്തണം. പല വിദേശ രാജ്യങ്ങളിലും കേരളത്തിന് സമാനമായ കാലാവസ്ഥ സ്ഥിതികളുള്ള രാജ്യങ്ങളുൾപ്പെടെ ടെക്നോളജി ഉപയോഗിച്ചുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ നേരിട്ടിട്ടുള്ളത്. നമ്മുടെ റോഡുകളുടെ പ്രധാന പ്രശ്നം ശരിയായ

അഴുക്കുചാലുകളില്ലാത്തതാണ്. രണ്ടാഴ്ചമുമ്പ് ചേർന്ന പൊതുമരാമത്ത് വകുപ്പിന്റെ യോഗത്തിൽ ടെക്നോളജി വിപുലീകരിച്ച് മുമ്പോട്ടുപോകാനായി ഒരു സബ്കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത സബ്കമ്മിറ്റിയുടെ നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ വിഷയങ്ങൾ പഠിച്ചു നൽകുന്ന റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. റോഡിന്റെ ക്വാളിറ്റി ഉറപ്പുവരുത്തുന്നതിനായി പുതിയ ടെക്നോളജി ഉപയോഗിച്ചുള്ള രീതികൾ, പ്രവൃത്തികൾ നടക്കുമ്പോൾത്തന്നെ അവ പരിശോധിക്കാനും അപ്പോൾത്തന്നെ അതിന്റെ റിസൽട്ട് ലഭ്യമാക്കാനുമുള്ള മാർഗ്ഗങ്ങൾ തുടങ്ങിയവയൊക്കെ വിപുലീകരിക്കേണ്ടതുണ്ട്., അത് സാധിക്കുമെന്നാണ് കരുതുന്നത്. പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ചിടത്തോളം ഭാവിയിൽ ഏത് പ്രതിസന്ധിയെയും തരണം ചെയ്ത് മുമ്പോട്ടുപോകുന്നതിനുള്ള കരുത്തായി കാണുന്നത് ടെക്നോളജിയുടെ വിപുലീകരണവും സാദ്ധ്യതകളും തന്നെയാണ്, അവ ഞങ്ങൾ പരമാവധി ഉപയോഗപ്പെടുത്തും.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: സർ, പൊതുമരാമത്ത് വകുപ്പിനെ അഴിമതിമുക്തവും കാര്യക്ഷമവുമാക്കാനുള്ള ബഹുമാന്യനായ മന്ത്രിയുടെ ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ മണ്ഡലത്തിൽനിന്നും

ആരംഭിക്കുന്നതും നാഷണൽ ഹൈവേയുടെ ഭാഗമായതുമായ വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ റോഡിൽ വല്ലാർപ്പാടത്തുനിന്നും കളമശ്ശേരി വരെയുള്ള ഭാഗം പലപ്പോഴും കണ്ടെയ്നർ ലോറികൾ പാർക്കുചെയ്യുന്നതുമൂലം നിരന്തരമായ വാഹനാപകടങ്ങൾ, മരണങ്ങൾ, സാമൂഹ്യവിരുദ്ധരുടെ ശല്യം എന്നിവയൊക്കെ വർദ്ധിച്ചുവരികയാണ്. പാർക്കിംഗിനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടത് കൊച്ചിൻ പോർട്ടും ഡി.പി വേൾഡുമാണ് (DP World Cochin). ബന്ധപ്പെട്ട നാഷണൽ ഹൈവേ (NH)വിഭാഗത്തോട് ആവശ്യപ്പെട്ടുകൊണ്ട് ഇക്കാര്യം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ? വല്ലാർപ്പാടം പള്ളിയിൽ വരുന്ന തീർത്ഥാടകർക്കുൾപ്പെടെ പ്രയാസങ്ങളുണ്ടാക്കുന്ന കാര്യമാണിത്. അതുപോലെതന്നെ കണക്ടിവിറ്റി റോഡ് വന്നതിനെത്തുടർന്ന് മുളവുകാട് പഞ്ചായത്തിൽ പൂർത്തീകരിക്കേണ്ട സർവ്വീസ് റോഡുകൾ പൂർത്തീകരിക്കാനും നിർദ്ദേശം കൊടുക്കാൻ കഴിയുമോ;

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇത് ഒറ്റപ്പെട്ട വിഷയത്തിനുള്ള ഉത്തരം നൽകേണ്ട ചോദ്യമാണെങ്കിലും ഇതിനെ നമുക്കൊരു പൊതുവിഷയമായി കണക്കാക്കാവുന്നതാണ്. ഈ പറഞ്ഞ വിഷയത്തെ

അതേ അർത്ഥത്തിൽത്തന്നെ ബന്ധപ്പെട്ട അധികാരികളുമായി ചർച്ച ചെയ്ത് പരിഹാരിക്കുന്നതിനുള്ള ഇടപെടൽ നടത്താം. ഒരു പൊതുവിഷയം എന്ന നിലയിൽ കേരളത്തിലെ റോഡുകൾ, അത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടേതോ, പൊതുമരാമത്ത് വകുപ്പിന്റേതോ, മറ്റുവകുപ്പുകളുടേതോ ഏതായാലും ആ റോഡുകളുടെ പ്രധാന സ്ഥലങ്ങളിൽ വാഹനങ്ങൾ കുറേയേറെയെണ്ണം നിർത്തിയിട്ടതുമൂലം തടസ്സമുണ്ടാകുന്നു. വാഹനങ്ങൾ എന്നുപറഞ്ഞാൽ പോലീസ് കേസിൽ ഉൾപ്പെട്ട വാഹനങ്ങളടക്കം, പഴയ ബസുകൾ, മറ്റ് വാഹനങ്ങൾ തുടങ്ങിയവയെല്ലാം തുരുമ്പുപിടിച്ച് പത്തും ഇരുപതും വർഷമായി നിർത്തിയിട്ടിരിക്കുന്ന സ്ഥിതിയുണ്ട്. ഇത് പലയിടങ്ങളിലും അപകടത്തിനും പലതരത്തിലുള്ള പ്രയാസങ്ങൾക്കും കാരണമാകുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഇത്തരത്തിലുള്ള വാഹനങ്ങൾ അവിടെ നിന്നും നീക്കുന്ന സ്ഥിതിയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരികയും ഡി.ജി.പി.യുമായി ഇക്കാര്യം സംസാരിക്കുകയും ചെയ്തതിന്റെ ഫലമായി പോലീസ് ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ

ഇവ സൂക്ഷിക്കാൻ സ്ഥലമില്ലാത്ത പ്രശ്നമുണ്ടെങ്കിലും അതാത് ജില്ലാ കളക്ടർമാരും പോലീസ് മേധാവികൾ ഉൾപ്പെടെ ഇടപെട്ടുകൊണ്ട് പരിഹിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽസൂചിപ്പിച്ച ഒറ്റപ്പെട്ട വിഷയം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാനുള്ള ശ്രമം നടത്താം. പൊതുവിഷയം എന്ന നിലയിൽ എല്ലാ എം.എൽ.എ.മാരും ഈ പ്രശ്നം നേരിടുന്നുണ്ട്, പലരും ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിനുള്ള ഇടപെടൽ അടിയന്തരമായും മുമ്പോട്ടുകൊണ്ടുപോകേണ്ടതുണ്ട്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഇന്ന് കേരളത്തിലുള്ള റോഡുകളും പാലങ്ങളും പാതിവഴിയിലാണ്. അനാസ്ഥ കാണിക്കുന്ന കരാറുകാരെ കരിമ്പട്ടികയിൽപ്പെടുത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഇവിടെ സംഭവിക്കുന്നതെല്ലാം കരാറുകാരുടെ കുഴപ്പംതന്നെയാണ്. മാത്രമല്ല, കരാറുകാർ ഓൺലൈൻ ടെണ്ടർ എടുത്തുകഴിഞ്ഞാൽ അവർ എഗ്രിമെന്റ് വയ്ക്കുന്നുണ്ട്, അതിന് ഒരു കാലാവധിയും വയ്ക്കുന്നുണ്ട്. ആ തീയതിക്കുള്ളിൽ പണി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വീണ്ടും വീണ്ടും കരാർ പുതുക്കിക്കൊടുക്കുകയാണ്. കാലാകാലങ്ങളായി റോഡുപണി

നീണ്ടുപോകുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ബീനാച്ചി-പനമരം റോഡിൽ ഏതാണ്ട് 22 കി.മീ. ദൂരത്തിന്റെ പണി തുടങ്ങിയിട്ട് ഏതാണ്ട് മൂന്നര വർഷമായി. തമിഴ്നാട്ടിലുള്ള ഒരു കമ്പനിയാണ് റോഡുപണി ഏറ്റെടുത്തത്, ഇപ്പോൾ മന്ത്രി ഇടപെട്ടതിന്റെയടിസ്ഥാനത്തിൽ വീണ്ടും റോഡുപണി ആരംഭിച്ചിട്ടുണ്ട്, എന്നിരുന്നാലും പ്രവൃത്തി പഴയ രിതിയിൽത്തന്നെയാണ് പോകുന്നത്. മാത്രമല്ല. വയനാട് ജില്ലയിലെ പല റോഡുകളും സമയബന്ധിതമായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചെങ്കിൽപ്പോലും ഇന്നും പണി പൂർത്തീകരിക്കാതെ പാതിവഴിയിലാണ്. ഇത്തരം കാര്യങ്ങളിലെല്ലാം ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് പണി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ടെണ്ടറനുസരിച്ച് പണി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ;

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഐ.സി. ബാലകൃഷ്ണൻ ഇവിടെ പറഞ്ഞത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. കരാറുകാരും ഉദ്യോഗസ്ഥരും തമ്മിൽ ഒരു ചങ്ങാത്തം പലയിടങ്ങളിലും രൂപപ്പെട്ടിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. ഈയടുത്ത് C &AG -യുടെ

റിപ്പോർട്ട് ഞാൻ വായിക്കുകയുണ്ടായി. അതിനകത്ത് പ്രധാനമായും ഇത്തരം ഉദ്യോഗസ്ഥ ചങ്ങാത്തത്തിന്റെ ഭാഗമായി നടത്തിക്കൊണ്ടിരിക്കുന്ന ചില പ്രവർത്തനങ്ങളെക്കുറിച്ചാണ്. ബിറ്റുമിൻ മാർക്കറ്റ് വില കുറഞ്ഞാലും പഴയവിലയിൽ എഴുതുന്ന രീതി, അതുപോലെതന്നെ മറ്റൊരു പ്രവൃത്തിയുടെ ഇൻവോയ്സിന്റെ പകർപ്പവച്ചുകൊണ്ട് മറ്റൊരിടത്ത് വാങ്ങുന്ന രീതി, റീ എസ്റ്റിമേറ്റ് നടത്തി കരാറുകാരന് സൗകര്യം ചെയ്തുകൊടുക്കുക, പ്രവൃത്തി കൃത്യമായി മുമ്പോട്ടുപോകാത്ത പ്രശ്നങ്ങൾ തുടങ്ങി ഇത്തരമൊരു അവിശുദ്ധ ചങ്ങാത്തം പലയിടത്തുമുണ്ട്. എന്നാലും പുതിയ തലമുറയിലെ എഞ്ചിനീയർമാർ ഉൾപ്പെടെ വളരെ ആത്മാർത്ഥമായും നിസ്വാർത്ഥമായും ജോലി ചെയ്യുന്ന, അഴിമതിക്കെതിരെ വളരെ ശക്തമായ നിലപാടെടുക്കുന്ന ഉദ്യോഗസ്ഥന്മാർ ധാരാളമുണ്ട്. ആകെ മോശക്കാരാണെന്ന അഭിപ്രായമില്ല. അതുപോലെതന്നെ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നിലപാട് എടുക്കുന്ന കരാറുകാരുമുണ്ട്. പക്ഷേ, ഈ പറഞ്ഞ പ്രശ്നം നിലനിൽക്കുന്നുണ്ട്. ആ പ്രശ്നത്തിനെതിരെ മുഖം നോക്കാതെയുള്ള നിലപാടാണെടുക്കേണ്ടത്. അതിൽ ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു കാര്യമുണ്ട്, കരാറുകാർ

ആരുംതന്നെ നമ്മൾക്ക് തൊട്ടുകൂടാൻ പറ്റാത്തവരല്ല, കരാറുകാർക്ക് അവരുടെതായ പ്രശ്നങ്ങളുണ്ട്, അവരുടെ അസോസിയേഷനുമുണ്ട്. പക്ഷേ കരാറുകാരെക്കൂട്ടിയോ, അല്ലെങ്കിൽ എം.എൽ.എ. മാരുടെ ശിപാർശയോടെയോ മന്ത്രിയുടെ അടുത്തുവരുന്ന സ്ഥിതിയുണ്ടാകാൻ പാടില്ല. അങ്ങനെ വന്നാൽ ഭാവിയിൽ പലരീതിയിലുള്ള ദോഷത്തിനും കാരണമാകും. കാരറുകാർ മനുഷ്യരാണ്, അവർക്ക് അവരുടെതായ പ്രശ്നങ്ങളുണ്ട്. അവർ തൊഴിൽചെയ്യുന്ന മേഖലയിൽ പ്രശ്നങ്ങളുണ്ട്. അവരുടെ അസോസിയേഷൻ എന്ന നിലയിൽ മന്ത്രിയെ സമീപിക്കാം. ജനപ്രതിനിധിയെന്ന നിലയിൽ എം.എൽ.എ.യെ സമീപിക്കാം, പക്ഷേ കരാറുകാരുടെയടുത്ത് ഒരു പരിധിക്കപ്പുറത്തുള്ള ബന്ധത്തിലേയ്ക്ക് പോകുന്നത് പല പ്രയാസങ്ങൾക്കും കാരണമാകും. ഈ സാഹചര്യത്തെ നമ്മൾ കൂട്ടായിത്തന്നെ നേരിടണം. ഈ അവിശുദ്ധ ചങ്ങാത്തം എവിടെക്കണ്ടാലും ഏത് എം.എൽ.എ.യ്ക്കും തീർച്ചയായും ചൂണ്ടിക്കാണിക്കാനും അങ്ങനെ ചൂണ്ടിക്കാണിച്ചതിനെ ഫോളോഅപ് ചെയ്യാനും തീർച്ചയായും പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്നും കൃത്യമായ നിലപാട് ഉണ്ടാകും എന്നുള്ളതുകൂടി അറിയിക്കുകയാണ്.

ശ്രീ. എച്ച്. സലാം: സർ, പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ കിഫ്ബിയുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങളുണ്ട്. റോഡിലെ കുടിവെള്ളത്തിന്റെ പൈപ്പ്ലൈൻ കേടായിക്കഴിഞ്ഞാൽ അത് റിപ്പയർ ചെയ്യാൻ കഴിയാത്ത സാഹചര്യം ചിലയിടങ്ങളിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടാകാറുണ്ട്. ഇതിനായി ആവശ്യപ്പെട്ടാൽ അനുമതി ലഭ്യമാകുന്നതിൽ വീഴ്ചയുണ്ടാകുന്നുണ്ട്. അനുമതി യഥാസമയം ലഭ്യമാക്കുന്നതിനായി ഏതെല്ലാം തരത്തിൽ ഇടപെടൽ നടത്താൻ കഴിയും;

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് കിഫ്ബിയിൽ മാത്രമല്ല, കേരളത്തിലൊട്ടാകെ നേരിടുന്ന പ്രശ്നമാണ്. നന്നായി ടാർ ചെയ്ത റോഡുകൾ കുടിവെള്ളത്തിന്റെ കണക്ഷനുവേണ്ടിയും മറ്റുമുള്ള ജനങ്ങളുടെ ആവശ്യത്തിനായി കുത്തിപ്പൊളിക്കുന്ന സ്ഥിതിയുണ്ട്. ഇത് മറ്റെവിടെയും കാണാത്ത പ്രത്യേക പ്രതിഭാസമാണ്. കേരളത്തിലെ റോഡുകൾ പലതും തകരുന്നതിന്റെ ഒരു കാരണം വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയാണ്, ഇതിന് പരിഹാരം കാണണം. ജനങ്ങളുടെ ആവശ്യത്തിനായിത്തന്നെ ടാറിട്ട റോഡുകൾ വാട്ടർ അതോറിറ്റിയോ കെ.എസ്.ഇ.ബി.യോ ബന്ധപ്പെട്ട മറ്റേതെങ്കിലും വകുപ്പോ

കുത്തിപ്പൊളിക്കുന്നത് ഒഴിവാക്കാൻ എന്തുചെയ്യാൻ പറ്റുമെന്നതിനെ സംബന്ധിച്ച് ഞങ്ങൾ തുടക്കത്തിൽത്തന്നെ ആലോചന നടത്തിയിരുന്നു. ഇതിനുള്ള ഉത്തരവും ടെക്നോളജി തന്നെയാണ്. അതിന്റെ ഭാഗമായി ഒരു പോർട്ടൽ സംവിധാനത്തിന്റെ സാധ്യതയെക്കുറിച്ച് ഇപ്പോൾ പഠനം നടത്തിയിട്ടുണ്ട്. പക്ഷെ പൊതുമരാമത്ത് വകുപ്പ് മാത്രം വിചാരിച്ചാൽ പരിഹരിക്കാവുന്നതല്ല. അങ്ങനെയൊരു പോർട്ടൽ വന്നുകഴിഞ്ഞാൽ വ്യത്യസ്ത പ്രവൃത്തികൾ അതിൽ രജിസ്റ്റർ ചെയ്യാം. ഉദാഹരണത്തിന് വാട്ടർ അതോറിറ്റിയുടെ പ്രവൃത്തിയുണ്ടെങ്കിൽ ഇന്ന തീയതിക്ക് ചെയ്യുമെന്നവിവരം രജിസ്റ്റർ ചെയ്യാം. കെ.എസ്.ഇ.ബി.ക്കും പൊതുമരാമത്ത് വകുപ്പിനും തദ്ദേശ സ്വയംഭരണ വകുപ്പിനുമൊക്കെ ചെയ്യാം. അപ്പോൾ ഈ ക്ലാഷ് ഒഴിവാക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്നിട്ടുണ്ട്. നമ്മൾ നന്നായി ശ്രമിച്ചാൽ ഈ പോർട്ടൽ കേരളത്തിൽ നിലവിൽ വരും, അങ്ങനെയെങ്കിൽ ജനങ്ങൾ ഏറെ ആഗ്രഹിക്കുന്ന പ്രശ്നപരിഹാരമെന്ന ലക്ഷ്യത്തിലേയ്ക്ക് നമുക്കെത്താൻ സാധിക്കും. ബന്ധപ്പെട്ട പ്രശ്നം കിഫ്ബിയുമായി ചർച്ച ചെയ്യാം

(ചോദ്യോത്തരവേള കഴിഞ്ഞു)